# ദി ഡിഫെൻഡർ

Vol. No. 8 Issue No. 13 RNI Reg. No. 68089 / 97 Published From Perumbavoor 2005 JULY 1


# ഐ.പി.സി. പ്രശ്നം കയ്യാങ്കളിയിലേക്ക്

ഐ.പി.സിയിൽ കയ്യാങ്കളി അത്ര പുതുമയുള്ള കാര്യമല്ല. അനുഭവം വെച്ചു പറഞ്ഞാൽ ഐ.പി.സി. ശരിക്കും ഒരു അടിപീസി ആണുതാനും. പക്ഷേ, കഞ്ഞിപ്രശ്നത്തിൽ അടിപിടിയുണ്ടാക്കുന്നത് ആദ്യമാണെന്നു തോന്നുന്നു.

കഴിഞ്ഞ കുമ്പനാട് കൺവെൻഷനിൽ കഞ്ഞി വെച്ച് വിളമ്പിയ വകയിൽ കിട്ടാനുള്ള രണ്ടു ലക്ഷം രൂപ കിട്ടിയേ മതിയാകൂ എന്ന് കഞ്ഞിക്കാരനും കൃത്യമായ കണക്കും വൗച്ചറും ഇല്ലാതെ പണം കൊടുക്കാനാവില്ലെന്ന് ജനറൽ ട്രഷറാർ ജോസഫ് താന്നിക്കലും പറഞ്ഞതോടെയാണ് പ്രശ്നം ആരംഭിച്ചത്. ഐ.പി.സി. ജനറൽ പ്രസിഡന്റായ ടി.എസ്.ഏബ്രഹാം ട്രഷറാറുടെ നിലപാട് ശരിവെച്ചു. കൺവെൻഷൻ കഴിഞ്ഞിട്ട് ആറു മാസത്തിൽ അധികം ആയിട്ടും കഞ്ഞിക്കാരന് പണം കിട്ടിയിട്ടില്ല. കക്ഷി വെറും കഞ്ഞി അല്ലാത്തതുകൊണ്ട് പ്രശ്നം അനുദിനം വഷളായിക്കൊണ്ടിരിക്കയാണ്. അടിപിടി ഒഴികെ എല്ലാം നടന്നുകഴിഞ്ഞു. ഇനി എന്തു നടക്കുമെന്ന് കണ്ടുതന്നെ അറിയണം.

ഭക്ഷണക്കാര്യം കോൺട്രാക്ട് കൊടുക്കുകയായിരുന്നു പതിവ്. എന്നാൽ ചെലവ് പരമാവധി കുറയ്ക്കാനുള്ള മാർഗ്ഗം എന്ന നിലയിലാണ് അന്നദാനത്തിന്റെ അധിപനായി ഡോക്ടർ ജോർജ് തോമസിനെ അവരോധിച്ചത്. അദ്ദേഹം ഈ ചുമതല ഒരു സ്റ്റേറ്റ് കൗൺസിൽ മെമ്പർക്ക് വിട്ടുകൊടുത്തു. പിന്നീട് എന്തൊക്കെ നടന്നു എന്നതിനെ സംബന്ധിച്ച് പല ഭാഷ്യങ്ങളുമുണ്ട്. അത് എന്തുതന്നെ ആയാലും ഭക്ഷണ ചെലവ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് രണ്ടര ലക്ഷം രൂപ കൂടി എന്നത് ഒരു വസ്തുതയാണ്.

കഴിഞ്ഞ വർഷം ഭക്ഷണത്തിനു ചെലവായത് 3,15,000 രൂപ ആയിരുന്നു എന്നും കുറഞ്ഞ പക്ഷം 50,000 രൂപ ലാഭിക്കാം എന്ന കണക്കുകൂട്ടലിലാണ് ജോർജ് തോമസിനെ ചുമതല ഏല്പിച്ചതെന്നും അറിയാൻ കഴിഞ്ഞു. പക്ഷേ, ഇത്തവണത്തെ ചെലവ് 5,68,000 രൂപയാണ്. അതായത് രണ്ടരലക്ഷം രൂപ കൂടുതൽ 50,000 രൂപ ലാഭിക്കാൻ ശ്രമിച്ച് രണ്ടരലക്ഷം രൂപ അധികം ചെലവാക്കി.

കിട്ടാനുള്ള പണം കിട്ടിയേ മതിയാകൂ എന്ന് കഞ്ഞിപ്രമാണിയും കൃത്യമായ വൗച്ചറില്ലാതെ പണം കൊടുക്കാനാവില്ലെന്ന് സഭാകൗൺസിലും പറയുന്നതിനാൽ പ്രശ്നം ഉറപ്പ്. ഇതുമായി ബന്ധപ്പെട്ട് ഒരു പോലീസ് കേസ്സ് ഉണ്ടായിക്കഴിഞ്ഞു. ഇനി എന്ത്? അത് കണ്ടറിയാം.

(കഞ്ഞിപ്രശ്നവുമായി ബന്ധപ്പെട്ട് ഐ.പി.സി. ജനറൽ ട്രഷറാർ കേരള സ്റ്റേറ്റ് കൗൺസിലിന് കൊടുത്ത പരാതിയുടെ കോപ്പി മൂന്നാം പേജിൽ)

## വി.എം. മാത്യു എന്തു പറയുന്നു?

സൗദി റീജിയന്റെ പ്രസിഡന്റാകാൻ മോനി ചെന്നിത്തല ലക്ഷക്കണക്കിനു രൂപ ചെലവാക്കി എന്ന് പറയുന്നു. അദ്ദേഹത്തെ പ്രസിഡന്റാക്കുന്നതിൽ പ്രധാന പങ്കു വഹിച്ച വ്യക്തി എന്ന നിലയിൽ ഗുഡ് ന്യൂസ് ചെയർമാൻ വി.എം. മാത്യുവിന് എന്താണു പറയാനുള്ളത് എന്ന് അറിയാൻ ആഗ്രഹമുണ്ട്.

# ഇതാ ഒരു സിമണിക്കഥ

സിമണി എന്ന് കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. മദ്ധ്യകാലഘട്ടത്തിൽ കത്തോലിക്കാ സഭയിൽ നിലനിന്നിരുന്ന ഒരു ദുരാചാരമാണിത്. പണം കൊടുത്താൽ പുരോഹിതനോ ബിഷപ്പോ കർദ്ദിനാളോ ഒക്കെ ആയി ഓർഡിനേഷൻ കിട്ടും. മാർട്ടിൻ ലൂഥറിന്റെ നേതൃത്വത്തിൽ ഉണ്ടായ മതനവീകരണത്തിന്റെ കാരണങ്ങളിൽ ഒന്ന് ഈ ദുരാചാരമായിരുന്നു. ശമര്യാക്കാരനായ ശിമയോൻ (സൈമൺ) അപ്പൊസ്തലൻമാർക്ക് പണം കൊടുത്ത് പരിശുദ്ധാത്മാവിനെ വാങ്ങാൻ ശ്രമി ച്ച സംഭവത്തിൽ നിന്നാണ് സിമണി എന്ന വാക്കുണ്ടായത്.

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്ന് പറയപ്പെടുന്ന ഐ.പി.സിയിലും അത്യുഗ്രൻ സിമണി നിലനിൽക്കുന്നു. പണം കൊടുത്താൽ പാസ്റ്ററോ, സെന്റർ പാസ്റ്ററോ റീജിയൻ പ്രസിഡന്റോ ഒക്കെ ആകാം. സംശയമുള്ളവർ താഴെ കൊടുത്തിരിക്കുന്ന കത്ത് ഒരുവട്ടം വായിക്കുക.

### ബഹുമാനപ്പെട്ട ഐ.പി.സി. കേരളാ സ്റ്റേറ്റ് പ്രസിഡന്റും കൗൺസിൽ അംഗങ്ങളും മുമ്പാകെ മോനി ചെന്നിത്തല ബോധിപ്പിക്കുന്ന അപേക്ഷ

ഞാൻ സൗദിയിൽ ജോലിയോടുകൂടി സഭയുടെ ചുമതലയും വഹിച്ചിരുന്നു. എന്നാൽ 2003-ൽ ജനറൽ പ്രസിഡന്റ് ടി.എസ്. എബ്രഹാമിന്റെ അനുവാദത്തോടുകൂടി കേരളസ്റ്റേറ്റ് സെക്രട്ടറി ആയിരുന്ന പാസ്റ്റർ കെ.സി. ജോൺ അവർകളും വി.എം. മാത്യു സാറും കൂടി സൗദിയിൽ വന്നു എന്നെ സൗദി റീജിയന്റെ പ്രസിഡന്റാക്കി. അതിന്റെ ഫയലുകളും മറ്റും പാസ്റ്റർ കെ.സി. ജോണിന്റെ കൈവശം ടി.എസ്. എബ്രഹാമിനെ ഏൽപ്പിക്കുവാൻ കൊടുത്തയച്ചു. ജനറൽ പ്രസിഡന്റ് അത് അംഗീകരിക്കുകയും ചെയ്തു. അതിനുശേഷം ഞാൻ നാട്ടിൽ വന്നു 2003 ഡിസംബർ മാസം തിരുവല്ല എലൈറ്റിൽ വച്ച് ഒരു മീറ്റിംഗ് വിളിക്കുകയും അവിടെ മുകളിൽ പറഞ്ഞ വ്യക്തികളും കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളിൽ പലരും കൂടുകയുണ്ടായി. ഞാൻ അവിടെ ചിലകാര്യങ്ങൾ അവതരിപ്പിച്ചു. അത് എല്ലാവരും അംഗീകരിക്കുകയും ചെയ്തുവല്ലോ. നേരത്തെ ചിലവാക്കിയ മൂന്നു ലക്ഷം രൂപ കൂടാതെയാണ്ആ സമയത്ത് ഞാൻ ചിലവാക്കിയ തുകകൾ. ഈ കാര്യങ്ങൾ എല്ലാവർക്കും തന്നെ അറിവുള്ളതാണല്ലോ. എന്നാൽ ഞാൻ 2003 ഡിസംബർ അവസാനം വീണ്ടും സൗദിയിലേയ്ക്കു പോയി. കുറച്ചു നാൾ കഴിഞ്ഞപ്പോൾ ചില പ്രതിസന്ധികൾ മൂലം സൗദി കമ്പനി എന്നെ പിരിച്ചുവിട്ടു. ആയതിനാൽ തുടർന്ന് റീജിയന്റെ പ്രസിഡന്റായി തുടരാൻ കഴിയാതെ വന്നു. മാത്രമല്ല, പാസ്റ്റർ ഫിലിപ്പിനെ റീജിയന്റെ പ്രസിഡന്റാക്കി. ആയതിനാൽ ഞാൻ നാട്ടിൽ വന്ന് വയനാട്ടിൽ പ്രവർത്തിക്കുകയാകുന്നു. ഞാൻ ബൈബിൾ സ്ക്കൂളിൽ പഠിച്ചില്ലെങ്കിലും റീജിയന്റെ പ്രസിഡന്റായി ഇരുന്നതിനാൽ കേരളാ സ്റ്റേറ്റ് പ്രസിഡന്റും കൗൺസിൽ അംഗങ്ങളും ചേർന്ന് എന്നെ വയനാട് റീജിയന്റെ പ്രസിഡന്റായി ചുമതല ഏൽപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

**മോനി ചെന്നിത്തല**

# വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: ആദ്യ സി.ഡി. പുറത്തിറങ്ങി

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ ആദ്യത്തേത് പുറത്തിറങ്ങി. പണം അടച്ച എല്ലാവർക്കും ജൂലൈ 10ന് അകം സി.ഡി. ലഭിക്കും. വിദേശത്തുള്ളവർ ദയവായി ഇന്ത്യയിലുള്ള ഒരു വിലാസവും ഫോൺ നമ്പറും അറിയിക്കുക. (വിദേശത്തേക്ക് സി.ഡി. അയയ്ക്കുന്നത് വലിയ പണച്ചെലവുള്ള കാര്യമാണ്).

അടിസ്ഥാന വേദോപദേശങ്ങളാണ് ഒന്നാമത്തെ സി.ഡിയുടെ ഉള്ളടക്കം. വീണ്ടുംജനനം, വിശ്വാസസ്നാനം, പരിശുദ്ധാത്മാഭിഷേകം, കൂട്ടായ്മ, തിരുവത്താഴം, ദൈവവചനം, വേർപാട്, പ്രാർത്ഥന തുടങ്ങിയ വിഷയങ്ങളേക്കുറിച്ച് ഏകദേശം 12 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സാണ് ഈ സി.ഡിയിൽ ഉള്ളത്. വിശ്വാസികൾക്കും അവിശ്വാസികൾക്കും ഒന്നുപോലെ പ്രയോജനപ്പെടും. രക്ഷിക്കപ്പെടാത്തവർക്ക് സമ്മാനമായി നൽകാനും ഉപകരിക്കും.

ആദ്യ സി.ഡി. മാത്രം ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ 100 രൂപ മണിയോഡർ അയയ്ക്കുക. മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

ഈ പരമ്പരയിലുള്ള 10 സി.ഡികളുടെ ഒരു സെറ്റിന് 1000 രൂപയാണ് വില. എന്നാൽ ഇപ്പോൾ 750 രൂപ അയയ്ക്കുന്നവർക്ക് ഓരോ സി.ഡിയും പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് അയച്ചുതരുന്നതാണ്. ഈ സി.ഡികളുടെ ഉള്ളടക്കം എന്തെന്നറിയുവാൻ 8-ാം പേജിലുള്ള പരസ്യം നോക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:

***റ്റി.എസ്.ബാലൻ,***
***ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,***
***പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542***

# വെണ്ണിക്കുളം ഐ.പി.സിയിലെ പാസ്റ്റർ സോദോമ്യ പാപത്തിൽ?

പത്തനംതിട്ട ജില്ലയിലെ വെണ്ണിക്കുളത്തുള്ള ഐ.പി.സി. സഭയിലെ പാസ്റ്റർ സോദോമ്യ പാപം ചെയ്യുന്ന വ്യക്തിയാണോ? ആണെന്ന് റാന്നി സെന്റർ കമ്മറ്റി കേരള സ്റ്റേറ്റ് കൗൺസിലിന് കൊടുത്ത പരാതിയിൽ പറയുന്നു. പാസ്റ്റർ കെ.കെ.ചെറിയാനാണ് റാന്നി സെന്ററിന്റെ പാസ്റ്റർ. അതുകൊണ്ട് വിഷയം അർഹിക്കുന്ന ഗൗരവത്തിൽ എടുത്തേ മതിയാകൂ.

റാന്നി - കൊറ്റനാട് സഭയിലെ കൗമാരപ്രായക്കാരനായ ഒരു ആൺകുട്ടി ആരാധനയിൽ പങ്കെടുക്കാതെ ഒഴിഞ്ഞുമാറുന്നത് പുതുതായി വന്ന പാസ്റ്റർ ശ്രദ്ധിച്ചു. പാസ്റ്ററുടെ മുൻപിൽ പ്രത്യക്ഷപ്പെടാൻ പോലും ആ പയ്യൻ മടിക്കുന്നു. എന്താണ് കാരണം? പാസ്റ്റർ ചില അന്വേഷണങ്ങളൊക്കെ നടത്തി. അങ്ങനെയാണ് ആ സത്യം വെളിപ്പെട്ടത്. ഇപ്പോൾ വെണ്ണിക്കുളം സഭയിലുള്ള പാസ്റ്റർ ബിജു അടുത്തകാലം വരെ കൊറ്റനാട് സഭയുടെ പാസ്റ്ററായിരുന്നു. സ്നാനത്തിന് ക്ലാസ്സ് എടുക്കാനെന്ന വ്യാജേന പാസ്റ്റർ ബിജു ഈ പയ്യനുമായി അടുത്തു. എന്തിനേറെ പറയുന്നു, പാസ്റ്റർ മൈക്കിൾ ജാക്സന്റെ ഇന്ത്യൻ പതിപ്പായി. ഈ സംഭവത്തോടെ പയ്യന് ആത്മീയതയോട് അലർജിയായി. ആരാധനയിൽ പങ്കെടുക്കുന്നത് നിർത്തി. ഞാനൊന്നുമറിഞ്ഞില്ലേ, സ്തോത്രം, ഗ്ലോറി എന്ന ഭാവത്തിൽ പാസ്റ്റർ ബിജു വെണ്ണിക്കുളത്തേക്ക് സ്ഥലം മാറി പോകുകയും ചെയ്തു.

പാസ്റ്റർ ബിജു ഇപ്പോൾ കുമ്പനാട് സെന്ററിലാണ്. അതുകൊണ്ട് റാന്നി സെന്റർ പാസ്റ്ററായ കെ.കെ.ചെറിയാന് നടപടി എടുക്കാൻ അധികാരമില്ല. അതുകൊണ്ടാണ് റാന്നി സെന്റർ സ്റ്റേറ്റ് കൗൺസിലിന് പരാതി കൊടുത്തിരിക്കുന്നത്.

കുമ്പനാട് സെന്ററിന്റെ തലപ്പത്ത് സാക്ഷാൽ ടി.എസ്. ഏബ്രഹാമാണുള്ളത്. അതുകൊണ്ട് ഈ പ്രശ്നത്തിൽ ശിക്ഷാ നടപടികൾ ഒന്നും ഉണ്ടാകാനിടയില്ല. മാത്രമല്ല, കുമ്പനാട് സെന്ററിന്റെ സെക്രട്ടറിയും ഹെബ്രോനിലെ പാസ്റ്ററുമായ മഹാൻ ഈ ബിജുവിന്റെ രക്ഷയ്ക്ക് എത്തിയിട്ടുമുണ്ട്.

പക്ഷേ, റാന്നി സെന്റർ ഈ പ്രശ്നം വിട്ടുകളയാൻ ഒരുക്കമല്ല. പീഡനവിധേയനായ പയ്യന്റെ മൊഴി അവർ ടേപ്പിൽ പകർത്തുകയും എഴുതി വാങ്ങുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ മറ്റു തെളിവുകളും അവർ ശേഖരിച്ചു കഴിഞ്ഞു. മാത്രമല്ല, പാസ്റ്റർ കെ.കെ.ചെറിയാൻ ഇത്തരം ഹീന കൃത്യങ്ങളെ അർഹിക്കുന്ന ഗൗരവത്തിൽ കാണുന്ന വ്യക്തിയുമാണ്. അതുകൊണ്ട് ഈ പ്രശ്നം അത്ര പെട്ടെന്ന് ആറിത്തണുക്കുമെന്ന് തോന്നുന്നില്ല.

ദി ഡിഫെൻഡർ
Vol. No.8 Issue No. 13 2005 July 1

# എല്ലാം അത്ര പെട്ടെന്ന് മറക്കാൻ കഴിയുമോ?

കെ.കരുണാകരനുമായി സി.പി.എം. ഉൾപ്പെടെയുള്ള ഇടതുപക്ഷം സഖ്യമുണ്ടാക്കാൻ ഒരുങ്ങുകയാണ്. ഇത്തരം ഒരു നടപടിയോട് ആദ്യമൊക്കെ വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നവർ പോലും ഇപ്പോൾ എതിർപ്പിന്റെ ശക്തി കുറച്ചിട്ടുണ്ട്.

ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ചേക്കേറാതെ കരുണാകരനും കൂട്ടർക്കും പിടിച്ചു നിൽക്കാനാവില്ല എന്നത് ഒരു വസ്തുതയാണ്. അതുകൊണ്ട് അവർ അതിനായി എന്തു വിട്ടുവീഴ്ചയ്ക്കും തയ്യാറാകും എന്നതിന് സംശയമില്ല. പക്ഷേ, കരുണാകരനും സംഘവും ഒപ്പമില്ലെങ്കിലും ഇടതുപക്ഷത്തിന് വിശേഷിച്ച് ഒരു നഷ്ടവും വരാനില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പാർട്ടി ബന്ധങ്ങൾക്ക് രണ്ടാം സ്ഥാനമേയുള്ളൂ. അസംബ്ലി തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന് 25 സീറ്റിൽ അധികം ഇന്നത്തെ നിലയിൽ കിട്ടുകയുമില്ല. ഇത്തരം ഒരു സാഹചര്യത്തിൽ കരുണാകരന്റെ കൃപാകടാക്ഷം കൂടിയേ കഴിയൂ എന്നുണ്ടോ?

ഇടതുപക്ഷ പാർട്ടികളുടെ നേതാക്കൻമാർ കഴിഞ്ഞ കാലങ്ങളിൽ കെ.കരുണാകരനും മുരളീധരനും എതിരേ നടത്തിയിട്ടുള്ള അഴിമതി ആരോപണങ്ങളിൽ കഴമ്പുണ്ടായിരുന്നോ എന്ന് അറിയാൻ ഈ നാട്ടിലെ ജനങ്ങൾക്ക് അവകാശമുണ്ട്. അന്നു പറഞ്ഞതൊക്കെ സത്യമായിരുന്നെങ്കിൽ ഇവരുമായി എങ്ങനെ സഖ്യമുണ്ടാക്കാൻ കഴിയും? അഴിമതിയാരോപണങ്ങളൊക്കെ വ്യാജമായിരുന്നു എങ്കിൽ ഇടതുപക്ഷത്തെ ജനങ്ങൾ എങ്ങനെ വിശ്വസിക്കും?

അടിയന്തിരാവസ്ഥയുടെ കറുത്ത ദിനങ്ങൾ മറക്കാൻ കാലമായിട്ടില്ല. അന്ന് നടന്ന അതിക്രമങ്ങളിൽ കെ.കരുണാകരനുള്ള പങ്കിനേപ്പറ്റി ഇടതുപക്ഷം പറഞ്ഞതൊക്കെ വെറും രാഷ്ട്രീയ സ്റ്റണ്ട് മാത്രമായിരുന്നോ? ഈച്ചര വാര്യർക്കുവേണ്ടി ഇടതുപക്ഷം ഒഴുക്കിയ കണ്ണീർ വെറും മുതലക്കണ്ണീർ മാത്രമായിരുന്നോ? ഇടതുപക്ഷത്തിന്റെ ഈ ചുവടുമാറ്റം ഈച്ചര വാര്യരെ മാത്രമല്ല, നിഷ്പക്ഷരായ വോട്ടർമാരെയാകെ ദു:ഖിപ്പിക്കുന്നുണ്ടെന്ന് അറിഞ്ഞാൽ നന്ന്.

രാഷ്ട്രീയത്തിൽ സ്ഥിരമായ ശത്രുക്കളോ മിത്രങ്ങളോ ഇല്ല എന്ന വസ്തുത അംഗീകരിച്ചുകൊണ്ടുതന്നെ ചോദിക്കട്ടെ, സ്വന്തം നിലനിൽപ്പിനായി കെ.കരുണാകരൻ ഇടതുപക്ഷ പ്രേമം അഭിനയിക്കാൻ തുടങ്ങിയതോടെ അദ്ദേഹം വിശുദ്ധനായി മാറിയോ? ഒരു വ്യക്തിക്ക് ഇടതുപക്ഷത്തോടുള്ള മനോഭാവം മാത്രമാണോ അയാളെ അശുദ്ധനും വിശുദ്ധനും ഒക്കെ ആക്കുന്നത്? കഴിഞ്ഞ കാലങ്ങളിൽ ഇടതുപക്ഷത്തിന് വോട്ടു ചെയ്തിരുന്നവരിൽ ഭൂരിപക്ഷവും ഈ നയംമാറ്റത്തിൽ ദു:ഖിക്കുന്നു എന്ന് നേതാക്കൻമാർ മനസ്സിലാക്കണം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
 റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

മോങ്ങാനിരുന്ന നായുടെ തലയിൽ തേങ്ങാ വീണു എന്നു പറഞ്ഞതുപോലെയാണ് ഇപ്പോൾ കേരളത്തിലെ സ്ഥിതി. ഉമ്മൻ ചാണ്ടി സർക്കാരിനെതിരെ ബഹളം വെയ്ക്കാൻ ഒരു കാരണം തേടി നടന്നവർക്കെല്ലാം വേണ്ടതിൽ അധികം കാരണങ്ങൾ കിട്ടിയിരിക്കയാണ്. ഇനി അത്യുഗ്രൻ സമരങ്ങൾ നടത്തുകയേ വേണ്ടു.

പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചത് കേന്ദ്രമാണെങ്കിലും കേരളത്തിൽ സമരം കേരള സർക്കാരിനെതിരെയാണ്. സംസ്ഥാന സർക്കാർ നികുതി കുറച്ചാൽ വില പഴയ നിലയിൽ നിർത്താൻ കഴിയും എന്നതാണ് കാരണം. ഈ വാദത്തിൽ അല്പം കഴമ്പുണ്ടെന്ന് പറയാതെവയ്യ. വാറ്റ് അനുസരിച്ച് 12% ആണ് പരമാവധി നികുതി എന്ന് കേട്ടിരുന്നു. പക്ഷേ, അതിന്റെ ഇരട്ടിയാണ് പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി. ഇതെന്തു ന്യായം?

എല്ലാവിധ നികുതികളും എടുത്തു കളഞ്ഞാൽ പെട്രോളിന് ഡീസലിനേക്കാൾ വില കുറയും. മാത്രമല്ല, പെട്രോളും ഡീസലും ഏകദേശം 20 രൂപയ്ക്ക് ലഭിക്കുകയും ചെയ്യും. അപ്പോൾ വില വർദ്ധനവിന്റെ കാരണം അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില കൂടിയതു മാത്രമല്ല എന്നു വ്യക്തം. കേന്ദ്രവും സംസ്ഥാനവും മത്സരിച്ച് ചുമത്തുന്ന നികുതികൾ പിൻവലിച്ചാൽ പെട്രോളിയം ഉല്പന്നങ്ങളുടെ വില പകുതിയായി കുറയും. അതുകൊണ്ട് സമരക്കാരുടെ ഡിമാന്റുകൾ അനാവശ്യമാണെന്ന് പറയാനാവില്ല.

ജൂലൈ ഏഴ് മുതൽ ബസ്സും ലോറിയും പണിമുടക്ക് നടത്തും. കേരളത്തിലെ ജനങ്ങൾ വലയുമെന്നതിന് സംശയമില്ല. സ്വാശ്രയ കോളേജ് പ്രശ്നവും കൂടി ആകുമ്പോൾ കുശാലായി. കരിമണൽ, കെ.പി.സി.സി. തുടങ്ങിയ പുലിവാലുകൾ വേറെ. ഏതായാലും പ്രതിപക്ഷത്തിന് വേണ്ടതിൽ അധികം കാരണങ്ങൾ ലഭിക്കും. മോശമല്ലാത്ത ജനപിൻതുണയും ഈ സമരങ്ങൾക്ക് ലഭിക്കും. സർക്കാരിന്റെ കാര്യം കഷ്ടത്തിലാകും.

കുളിപ്പിച്ച് കുളിപ്പിച്ച് കൊച്ചില്ലാതായി എന്നു പറഞ്ഞതുപോലെയാണ് സ്മാർട്ട് സിറ്റിയുടെ കാര്യം. ഭരണപക്ഷവും പ്രതിപക്ഷവും ചേർന്ന് സ്മാർട്ടായി കുളിപ്പിച്ചു. ഇപ്പോൾ സിറ്റി മാത്രമേ ബാക്കിയുള്ളൂ. സ്മാർട്ടായത് ആന്ധ്രാക്കാരാണ്. സ്മാർട്ട് സിറ്റി വരുമ്പോൾ ജോലി കിട്ടും എന്നു സ്വപ്നം കണ്ട് കഴിഞ്ഞിരുന്ന ചെറുപ്പക്കാർ എത്രയും വേഗം ആന്ധ്രായിലേക്ക് വണ്ടി കയറുക.

നായ് കടലിൽ ചെന്നാലും നക്കിയേ കുടിക്കൂ എന്നാണ് പറയപ്പെടുന്നത്. കോൺഗ്രസ്സിന്റെ കാര്യവും ഇങ്ങനെതന്നെ. മറ്റൊരു പോംവഴിയും ഇല്ലാതെ വരുമ്പോൾ തെരഞ്ഞെടുപ്പ് ഒഴിവാക്കി പ്രസിഡന്റിനെ കണ്ടെത്തിയെന്നു വരാം. പക്ഷേ, സാഹചര്യങ്ങളെല്ലാം ഇത്ര അനുകൂലമായിരിക്കുമ്പോഴും ഇതുതന്നെ ചെയ്യുന്നതിന്റെ പൊരുൾ പിടി കിട്ടുന്നില്ല. മുരളിയും കൂട്ടരും പുറത്തു പോയതോടെ സംഘടനാ തെരഞ്ഞെടുപ്പ് സമാധാനപരമായി നടത്തുന്നതിനുള്ള എല്ലാ തടസ്സങ്ങളും നീങ്ങിയിരുന്നു. എന്നിട്ടും കെ.പി.സി.സി. പ്രസിഡന്റിനെ ജനാധിപത്യ മാർഗ്ഗത്തിലൂടെ കണ്ടെത്തിയില്ല. ഡി.സി.സികളുടെ കാര്യത്തിൽ തീരുമാനമായതുമില്ല. ഇത്ര കുത്തഴിഞ്ഞ ഒരു പാർട്ടിക്ക് ജനങ്ങൾ എങ്ങനെ വോട്ടുകൊടുക്കും?

കെ.പി.സി.സി. പ്രസിഡന്റിനെ ഹൈക്കമാന്റ് നിർദ്ദേശിക്കേണ്ട സ്ഥിതി വന്നത് മഹാമോശമായിപ്പോയി എന്നാണ് ലീഡറും പുത്രനും പറയുന്നത്. സംഗതി ശരിയാണെന്നതിന് രണ്ടുപക്ഷമില്ല. പക്ഷേ, നാലു വർഷം മുൻപ് നടന്നതും ഇതൊക്കെത്തന്നെയല്ലേ കുറുപ്പേ? എ.കെ. ആന്റണി മുഖ്യമന്ത്രിയായി ചുമതലയേറ്റ നിമിഷം കെ.മുരളീധരൻ കെ.പി.സി.സി. പ്രസിഡന്റായി ഭരണം ആരംഭിച്ചു. എങ്ങനെ? ഇപ്പോൾ കോൺഗ്രസ്സിൽ നടക്കുന്നതിലും ഹീനമായ സമവായ നാടകത്തിലൂടെ. അതൊക്കെ മാലോകർ മറന്നിട്ടില്ലെന്ന് പിതാവും പുത്രനും അറിയുക.

കോൺഗ്രസ് അക്രമ രാഹിത്യത്തിന്റെ പ്രതീകമായിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ആ നല്ലകാലം കാലത്തിന്റെ തിരശ്ശീലയ്ക്കു പിന്നിൽ മറഞ്ഞു. ഇന്ന് അക്രമമില്ലെങ്കിൽ കോൺഗ്രസ്സില്ല എന്ന സ്ഥിതി ആയിരിക്കുന്നു. എവിടെ കോൺഗ്രസ് സമ്മേളനമുണ്ടോ അവിടെ അടിയുണ്ട് എന്നതാണ് സ്ഥിതി. കെ.പി.സി.സി. പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ കോൺഗ്രസ്സുകാർ ഒത്തു ചേർന്നപ്പോഴും അടിപിടി ഉണ്ടായി. മുണ്ടു പറിക്കൽ ഉണ്ടായില്ല എന്നതു മാത്രമാണ് ഏക ആശ്വാസം.

കൈയ്ച്ചിട്ട് ഇറക്കാനും വയ്യ, മധുരിച്ചിട്ട് തുപ്പാനും വയ്യ എന്ന സ്ഥിതിയിലാണ് നാഷണൽ കോൺഗ്രസ്സിലെ എം.എൽ.എമാർ. ലീഡറോടുള്ള കൂറ് ഉപേക്ഷിക്കാനും വയ്യ, എം.എൽ.എ. സ്ഥാനം രാജി വെയ്ക്കാനും വയ്യ. എം.എൽ.എ. സ്ഥാനം രാജി വെച്ചാൽ അത് എന്നങ്കിലും തിരിച്ചു കിട്ടുമെന്ന് പറയാനാവില്ല. അടുത്ത അസംബ്ലി തെരഞ്ഞെടുപ്പു വരെ വെറുതെ ഇരിക്കണമെന്നത് ഒരു കാര്യം. പാർട്ടിയിലെ സകലമാന ഭാരവാഹികളേയും പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കയാൽ ആ വകയിൽ ഒന്നും ലഭിക്കാനും ഇടയില്ല. എം.എൽ.എ. സ്ഥാനം രാജി വെയ്ക്കാതിരുന്നാലും ഫലമില്ലെന്നതാണ് വസ്തുത. ഏതാനും ആഴ്ചകൾക്കകം അസംബ്ലി കൂടും. വോട്ടെടുപ്പ് ഉണ്ടാകും. വിപ്പ് ഉണ്ടാകും എന്ന് തീർച്ച. വിപ്പ് ലംഘിച്ചാൽ എം.എൽ.എ. സ്ഥാനം പോകും. അടുത്ത തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശവും നഷ്ടമാകും. വോട്ടെടുപ്പിൽ പങ്കെടുക്കാതെ വിട്ടുനിന്നാലും ഫലം ഇതുതന്നെ. ഉമ്മൻ ചാണ്ടി സർക്കാരിനെ പിൻതുണച്ച് കൈപൊക്കുകയല്ലാതെ നിർവ്വാഹമില്ല എന്നു ചുരുക്കം.

പാരകൾ പലവിധമുണ്ട്. പക്ഷേ, അവാർഡിന്റെ രൂപത്തിൽ പാര വരുന്നത് ചരിത്രത്തിൽ ആദ്യമായാണ്. ഗൾഫിലുള്ള ചില വിരുതൻമാരാണ് ഈ അത്ഭുതപാര പണിതിറക്കിയത്. ഇ.എം.എസ്സിന്റെ പേരിലായിരുന്നു അവാർഡ് പാര. തക്ക സമയത്ത് സംഗതി തിരിച്ചറിയാൻ പിണറായിക്ക് കഴിഞ്ഞതുകൊണ്ട് അവാർഡ് ജേതാവ് രക്ഷപ്പെട്ടു.

പലവിധ സമരങ്ങൾ നടക്കുന്ന കാലമാണിത്. അതുകൊണ്ട് എല്ലാവിധ സമരക്കാരോടും ഒരു അപേക്ഷ: ദയവായി പാന്റ്സ് ഇട്ടുകൊണ്ട് സമരത്തിന് പോകുക. മുണ്ടേ ധരിക്കൂ എന്ന് നിർബ്ബന്ധമുണ്ടെങ്കിൽ അടിവസ്ത്രം മറന്നിട്ടില്ലെന്ന് ഉറപ്പു വരുത്തുക.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3950734, 9447414608

# ജോസഫ് താന്നിക്കൽ നൽകിയ പരാതി

## ഐ.പി.സിയുടെ ജനറൽ ട്രഷറാർ ആയ ജോസഫ് താന്നിക്കൽ ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിൽ മുൻപാകെ 2005 ജൂൺ 9ന് നൽകിയ പരാതിയുടെ പൂർണ്ണരൂപം.

ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭാ കേരള സ്റ്റേറ്റ് കൗൺസിൽ പ്രസിഡന്റ് പാസ്റ്റർ കെ.എം. ജോൺ അവർകൾ സമക്ഷവും, കൗൺസിലംഗങ്ങൾ മുമ്പാകെ ഐ.പി.സി. ജനറൽ ട്രഷറർ ജോസഫ് താന്നിക്കൽ.

ഐ.പി.സി. തിരുവല്ല സെന്ററിൽപ്പെട്ട ആമല്ലൂർ എബനേസർ സഭാ പാസ്റ്റർ കെ.പി. കുര്യന്റെ പേരിൽ ബോധിപ്പിക്കുന്നപരാതി.

06–06–2005 ൽ ഐ.പി.സി. ജനറൽ കൗൺസിലിന്റെ അടിയന്തിരയോഗം ജനറൽ സെക്രട്ടറി പാസ്റ്റർ കെ.എം. ജോസഫ് അവറുകളുടെ അദ്ധ്യക്ഷതയിൽ സൗദി അറേബ്യയിലെ സുവിശേഷകരുടെ വിഷയത്തെക്കുറിച്ച് ചിന്തിക്കുവാനായി കൂടി.

ഈ സമയം പാസ്റ്റർ കെ.പി. കുര്യൻ ധിക്കാരമായി സ്റ്റേജിൽ ചാടിക്കയറി ഭാരവാഹികളോടൊപ്പം ഇരുന്നു. 2005 ൽ നടന്ന ജനറൽ കൺവെൻഷൻ ഭക്ഷണതുക കൊടുക്കാതെ ആരെയും പുറത്ത് വിടുകയില്ലായെന്നും പറഞ്ഞ് ഭീക്ഷണിപ്പെടുത്തി അലങ്കോലപ്പെടുത്തി. യോഗത്തിൽ 14 അംഗങ്ങൾ ഹാജരുണ്ടായിരുന്നു. ഈ അവസരത്തിൽ ഒരാവശ്യത്തിന് പുറത്തേക്കിറങ്ങുവാൻ ഞാൻ ഒരുങ്ങിയപ്പോൾ പാസ്റ്റർ കെ.പി. കുര്യൻബലമായി തടസ്സപ്പെടുത്തി. ജോയിന്റ് സെക്രട്ടറി പാസ്റ്റർ ബഞ്ചമിൻ വർഗീസ് അവറുകൾ എഴുതിക്കൊണ്ടിരുന്ന ബുക്ക് ബലമായി തട്ടിപ്പറിച്ച് കൈവശപ്പെടുത്തി. കൂടാതെ വിദേശത്തായിരിക്കുന്ന ജനറൽ പ്രസിഡന്റ് പാസ്റ്റർ റ്റി.എസ്. എബ്രഹാം അവറുകളെ ആക്ഷേപിച്ച് സംസാരിച്ചു. അടുത്തവർഷം ജനറൽ കൺവൻഷൻ നടത്തുന്നത് ഞാനാണെന്നും വിദേശികളെക്കൊണ്ട് പ്രസംഗിക്കുകയില്ലായെന്നും കേരള കൗൺസിൽ ഭരിക്കുന്നത് താനാണെന്നും പാസ്റ്റർ കെ.പി. കുര്യൻ ധിക്കാരമായി ആക്രോശിച്ചു. ( പറഞ്ഞ വാക്കുകൾ സന്നിഹിതരായിരുന്നവർ ആവശ്യപ്പെടുമ്പോൾ പറയുമെന്ന് കരുതാം)

പാസ്റ്റർ കെ.പി കുര്യൻ ഹെബ്രോനിൽ വച്ച് ചെയ്തുകൂട്ടിയ ധിക്കാരപരമായ ഏതാനും ക്രൂര കൃത്യങ്ങൾ മാത്രം തെളിവിനായി ഓർമ്മപ്പെടുത്തുന്നു.

1. 2001 ലെ ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പിനു ശേഷം ആദ്യമായി കൂടിയ കൗൺസിൽ മീറ്റിംഗിൽ അനധി കൃതമായി കടന്നു കയറി ഹാജർബുക്ക് പിടിച്ചു വാങ്ങി അതിൽ ഒപ്പിട്ടു.
2. 07–08.2003 ലെ തിരഞ്ഞെടുപ്പ് സംബന്ധിച്ച ഓഫീസ് ജോലികൾ ചെയ്തുകൊണ്ടിരുന്ന മുറി വേറൊരു താഴുകൊണ്ട് പൂട്ടി ജോലി തടസ്സപ്പെടുത്തി. ഭീകരാവസ്ഥ സൃഷ്ടിച്ചു.
3. 2003 ൽ യു.എസ്.എ യിൽ നിന്നും വന്ന പാസ്റ്റർ ജോൺ ഡാനിയേൽ അവറുകളുടെ ഷർട്ടിൽ കടന്നു പിടിച്ച് ബലമായി ഉലച്ച് ദാരുണമായി ഭീക്ഷണിപ്പെടുത്തി അപമാനിച്ചു. ഇതു സംബന്ധിച്ച് ഐ.പി.സി. കോട്ടയം സൗത്ത് സെന്റർ സെക്രട്ടറി 17–01–2003 ജനറൽ കൗൺസിലിന് പരാതി കൊടുത്തു. ആവശ്യപ്പെട്ടാൽ കോപ്പി നൽകാം.
4. 2004 ൽ എന്നെ ഫോണിൽക്കൂടി രാത്രിയിൽ ഭീക്ഷണിപ്പെടുത്തി. ഈ വിവരം വാക്കാൽ സഭാ ഭാരവാഹികളെ അറിയിച്ചിട്ടുണ്ട്.
5. 2003 ലെ ജനറൽ കൗൺസിലിൽ സംബന്ധിക്കുവാനായി ചെന്ന എന്നെ ഹെബ്രോനിൽ വച്ച് കടന്നു പിടിച്ച് ചീത്ത പറയുകയും, ഭീക്ഷണിപ്പെടുത്തുകയും, ഞെരിച്ചുടയ്ക്കുമെന്നും പറഞ്ഞു. ഇത് സംബന്ധിച്ച് പരാതി ഞാൻ ജനറൽ കൗൺസിലിലും, സ്റ്റേറ്റ് കൗൺസിലിലും അന്ന് നടന്ന മീറ്റിംഗിലും നൽകിയിട്ടുള്ളതാണ്. ആവശ്യപ്പെട്ടാൽ കോപ്പി നൽകാം.
6. സ്റ്റേറ്റ് കൗൺസിൽ മെമ്പറായ അഡ്വ. ശ്യാം കുരുവിളയെ ഭീക്ഷണിപ്പെടുത്തി അപായങ്ങൾ പറയുകയും, തന്തയ്ക്ക് പറയുകയും ചെയ്ത പേരിൽ അദ്ദേഹം കൗൺസിലിൽ നൽകിയ പരാതിയുടെ കോപ്പി ആവശ്യപ്പെട്ടാൽ നൽകാം.
7. ഐ.പി.സി. പാമ്പാടി സെന്റർ പാസ്റ്ററും ഹെബ്രോൻ ബൈബിൾ കോളേജ് ഡർ ഡീനുമായ പാസ്റ്റർ റ്റി.സി.കോശി അവറുകളെ ഭീഷണിപ്പെടുത്തി, തന്തയ്ക്കു പറയുകയും ചെയ്തതായി അദ്ദേഹം സഭാ ഭാരവഹികളെ യഥാസമയം അറിയിച്ചിട്ടുണ്ട്.
8. കുമ്പനാട് ഐ.പി.സി. ജനറൽ കൺവെൻഷനിലെ മുഖ്യ പ്രാസംഗികനായി ഫോട്ടോ സഹിതം 21–03–2003ലെ മനോരമയിൽ വ്യാജമായി പരസ്യപ്പെടുത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു.
9. 2005 ൽ നടന്ന ജനറൽ കൺവെൻഷൻ ഫുഡ് കൺവീനർ ഡോ. ജോർജ്ജ് തോമസ് അവറുകളായിരുന്നു. അദ്ദേഹത്തിന്റെ സഹായിയായി പ്രവർത്തിച്ചിരുന്നത് പാസ്റ്റർ കെ.പി. കുര്യൻ ആയിരുന്നു. 2004ൽ മന്നാ കേറ്ററിംഗിന് കരാർ അടിസ്ഥാനത്തിൽ ഭക്ഷണം കൊടുത്തപ്പോൾ 3,15,000/– രൂപ ആയിരുന്നു. ഭക്ഷണകൂപ്പൺ 21203 ആയി. അതിനാൽ 2005ൽ സഭയുടെ ചുമതലയിൽ നേരിട്ട് ഭക്ഷണം തയ്യാറാക്കിയാൽ 50,000 രൂപ ലാഭിക്കാമെന്ന് തീരുമാനിച്ചപ്രകാരമാണ് കൺവീനറെ ചുമതലപ്പെടുത്തിയത്.

ഭക്ഷണത്തിന് വാങ്ങുന്ന സാധനത്തിന്റെ ബിൽ അപ്പപ്പോൾ ഓഫീസിൽ ഹാജരാക്കി രൂപ വാങ്ങിക്കൊള്ളണമെന്നും ഭക്ഷണകൂപ്പൺ അതാതു നേരത്തെ ഭക്ഷണാനന്തരം ഓഫീസിൽ ഏൽപ്പിക്കണമെന്നും ഒന്നിടവിട്ടദിവസങ്ങളിൽ ഇറച്ചിയോ, മീനോ ഉണ്ടായിരിക്കണമെന്നും പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഇതൊന്നും പരിഗണിക്കാതെ പാസ്റ്റർ കെ.പി.കുര്യൻ ഏകാധിപതിയായി പ്രവർത്തിച്ചു. പല ദിവസങ്ങളിലും പണം വാങ്ങിക്കൊണ്ടുപോകാൻ ചുമതലക്കാർ അറിയിച്ചുവെങ്കിലും ചെക്ക് മതിയെന്ന് പറഞ്ഞ് വാങ്ങുവാൻ വന്നിട്ടില്ല. എന്നാൽ ഇതിനിടയ്ക്ക് നിർബന്ധിച്ച് കുറച്ച് രൂപ കൊടുക്കുകയും ചെയ്തു.

ഭക്ഷണചെലവിന് തുക ആവശ്യപ്പെട്ടുകൊണ്ട് ചില സഹോദരന്മാരെ സമീപിച്ചതിനാൽ ഒരു ലക്ഷത്തി പതിനായിരം രൂപ അവരോട് വാങ്ങിച്ചിട്ടുണ്ട്. ആരെങ്കിലും തരുന്ന പണം ഓഫീസിൽ ഏല്പ്പിച്ച് രസീതു വാങ്ങേണ്ടതിനു പകരം നേരിട്ട് വാങ്ങി അഴിമതി കാണിച്ചു. അങ്ങനെ എത്ര രൂപ വാങ്ങിച്ചുവെന്ന് അനുമാനിക്കുകയല്ലാതെ തെളിവില്ല.

കൺവെൻഷൻ അവസാനിച്ച ദിവസം 3.05 പി.എം.ന് ആളൊഴിഞ്ഞ സമയം നോക്കി പണം ആവശ്യപ്പെട്ടുകൊണ്ട് ഓഫീസിൽ വന്നു. 3 പി.എം.ന് ജനറൽ പ്രസിഡന്റിനോട് പറഞ്ഞിട്ട് ഞാൻ വീട്ടിലോട്ട് പോന്നു. അപ്പോൾ കൈവശമുണ്ടായിരുന്ന ഒരു ലക്ഷത്തി മുപ്പതിനായിരം രൂപാ ഓഫീസിൽ ഏൽപ്പിച്ചിട്ടാണ് ഞാൻ പോന്നത്. എന്നെ അവിടെ കാണാഞ്ഞിട്ട് ഓഫീസ് കതക് തള്ളിത്തുറന്നും വലിച്ചടച്ചും ഭീകരാവസ്ഥ സൃഷ്ടിച്ചു. സ്റ്റാഫ് ഓഫീസിലുണ്ടായിരുന്നു. രൂപ വാങ്ങിക്കൊണ്ടുപോകാൻ ഓഫീസിൽ നിന്ന് പറഞ്ഞുവെങ്കിലും വാങ്ങാതെ പോയി. ചില ദിവസങ്ങൾക്ക് ശേഷം ബില്ല് ഒന്നുമില്ലാതെ ഒരു കണക്കുമായി ഓഫീസിൽ വന്നു. ഈ തുകയ്ക്ക് ചെക്ക് എഴുതിക്കൊടുക്കണമെന്ന് പറഞ്ഞ് ബഹളമുണ്ടാക്കി. മേശമേൽ അടിച്ച് ഭീകരശബ്ദം ഉണ്ടാക്കി. ഈ തുക കൊടുക്കാതെ ഇറക്കിവിടുകയില്ലാ എന്നും പറഞ്ഞ് എന്നെ ബന്ധിയാക്കി.

ബഹളം കേട്ട് പരിസരത്തുനിന്നും ആളുകൾ ഓടിക്കൂടി. സഹൃദയർ സമാധാനം പറഞ്ഞു ബഹളം ശമിപ്പിച്ചു. അപ്പോൾ അവിടെയുണ്ടായിരുന്ന ഒരു ലക്ഷം രൂപ വാങ്ങിക്കൊണ്ടുപോയി. കണക്കനുസരിച്ച് 360000 രൂപ ആകെ പറ്റിയിട്ടുണ്ട്. (നേരിട്ട് പിരിച്ച 110000 ഉൾപ്പടെ). ചില ആഴ്ചകൾക്ക് ശേഷം കൺവെൻഷൻ കമ്മിറ്റി കൂടി. എല്ലാ കൺവീനർമാരും റിപ്പോർട്ടും ബില്ലും സമർപ്പിച്ചു. ഭക്ഷണകമ്മിറ്റി ബിൽ നൽകാതിരുന്നതിൽ തീരുമാനമായില്ല. രണ്ട് മാസം കഴിഞ്ഞ് മാർച്ച് മാസത്തെ കുറെ ബിൽ തീയതിയില്ലാതെയും ഒപ്പില്ലാതേയും കൊണ്ടുവന്നത് അംഗീകരിക്കത്തക്കതല്ലായിരുന്നു. അടുത്ത ദിവസം ബില്ലുകൾ ജനറൽ പ്രസിഡന്റുവശം ഞാൻ ഏല്പ്പിച്ചു. അദ്ദേഹം യു.എസ്.എ യിലേക്ക് പോകുന്നതിനുമുമ്പ് ബില്ലുകൾ എന്നെ തിരിച്ചേൽപ്പിച്ചിട്ടുണ്ട്.

തന്നിട്ടുള്ള ബില്ലിലെ ചില വിവരങ്ങൾ കാണുക.

വെളിച്ചണ്ണക്ക് 76 രൂപ വിലയുള്ളപ്പോൾ 98 രൂപ വിലയുള്ള ബിൽ–പർപ്പടകം ൻെ. 9500, സാമ്പാർ പൊടി 20 ഉര കുരുമുളക് പൊടി 15 ഉര മല്ലിപൊടി 50 ഉര, മുളകുപൊടി 65 ഉര, വാളം പുളി 20 ഉര, രസപൊടി 10 ഉര, കുടംപുളി 15 ഉര, കായം 1800 രൂപ, ഡാൽഡാ 40 ഉര, കിഴങ്ങ് 1750 ഉര, സവാള 1801 ഉര, ഉള്ളി 189 ഉര, കൂലിചെലവ് 152475, റവ 300 ഉര, വിറക് 41000 രൂപ, തേങ്ങ 2000 ഇങ്ങനെ പോകുന്നു സാധനങ്ങളുടെ ലിസ്റ്റ്. 2005 ൽ കൊടുത്ത ഊണ് 36550 (2004 ൽ 21203) 2005 ൽ ഭക്ഷണചെലവ് 568000/– തീയതിയും ഒപ്പും ഇല്ല. ഈ ബില്ല് സ്വീകാര്യമാണോ?. ഭീകരരെപ്പോലെ തോക്കുചൂണ്ടി പണം ആവശ്യപ്പെടുന്നത് ഒരു പാസ്റ്റർക്ക് ചേർന്നതോ?.

10. 06.05.05 ൽ രാത്രി 10.10 ന് എന്നെ പാസ്റ്റർ കെ.പി. കുര്യൻ ഫോണിൽ വിളിച്ച് ചീത്തപറയുകയും ഭീഷണിപ്പെടുത്തുകയും എന്റെ തന്തയോട് പണം വാങ്ങിക്കുമെന്നും തട്ടിക്കളയുമെന്നും പറഞ്ഞ് മാനസീകമായി എന്നെ പീഡിപ്പിച്ചു. അതിനാൽ എന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്ന് അപേക്ഷിച്ച് 09–05–05 ൽ ഡി.വൈ.എസ്.പി സമക്ഷം പരാതി കൊടുത്തതിന്റെ ഫലമായി 12.05.05 ൽ വാദിയായ എന്നെയും പ്രതിയായ പാസ്റ്റർ കെ.പി. കുര്യനേയും ഓഫീസിൽ വിളിപ്പിച്ച് വിവരം ചോദിക്കുകയും മേലാൽ ഇപ്രകാരം ഭീക്ഷണി ഉണ്ടാകരുതെന്ന് താക്കീത് നൽകി ഇരുവരേയും കൊണ്ട് ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുള്ളതാകുന്നു. ഇതിനുശേഷമാണ് 06.06.05 മേൽപ്പറഞ്ഞ സംഭവം കുമ്പനാട് ഹെബ്രോനിൽ വച്ച് നടന്നത്.

ഐ.പി.സി. യിലെ ഒരു ശുശ്രൂഷകൻ അച്ചടക്കമില്ലാതെ ഭീകര പ്രവർത്തകരെപ്പോലെ പ്രവർത്തിച്ച് ഐ.പി.സി യെ അപമാനിക്കുന്നത് കണ്ടില്ലാ കേട്ടില്ലാ എന്ന് നടിച്ചിരിക്കരുതെന്ന് താഴ്മയായി അപേക്ഷിക്കുന്നു. മറ്റുള്ളവരുടെ ഭയത്തിനായി മാതൃകാപരമായ ശിക്ഷണ നടപടിയെടുത്ത് സഭയെ രക്ഷിക്കണമേ.

"പാപത്തോട് പോരാട്ടത്തിൽ പ്രാണത്യാഗത്തോളം എതിർത്തുനില്പിൻ"

എന്ന് ജനറൽ ട്രഷറർ
(ഒപ്പ്)
ജോസഫ് താന്നിക്കൽ



# കൺവെൻഷൻ കൊണ്ട് എന്തുനേടി?

നവംബർ മുതൽ മെയ് വരെയുള്ള ഏഴുമാസം കേരളത്തിൽ കൺവെൻഷൻ സീസണാണ്. ചെറുതും വലുതുമായ നിരവധി കൺവെൻഷനുകൾ കേരളമൊട്ടുക്ക് നടക്കും. ഇവയിൽ ഏറ്റവും അധികം ജനം കൂടുന്നത് ഐ.പി.സിയുടെ കുമ്പനാട് കൺവെൻഷനാണ്. ശാരോൻ, ചർച്ച് ഓഫ് ഗോഡ്, എ.ജി. തുടങ്ങി എല്ലാ സംഘടനകളും ജനറൽ കൺവെൻഷൻ നടത്തുന്നുണ്ട്. കൂടാതെ, ഡിസ്ട്രിക്ട് കൺവെൻഷൻ, പ്രാദേശിക സഭയുടെ കൺവെൻഷൻ, ഐക്യ കൺവെൻഷൻ, ക്രൂസേഡ് തുടങ്ങി പലതരം കൺവെൻഷനുകളുമുണ്ട്. ഇവയ്ക്കെല്ലാംകൂടി കോടിക്കണക്കിനു രൂപ എല്ലാ വർഷവും ചെലവഴിക്കുന്നുമുണ്ട്. ഇതൊക്കെക്കൊണ്ട് എന്താണ് നാം നേടുന്നത്? ദൈവനാമം മഹത്വപ്പെടുന്നുണ്ടോ? പാപികൾ മാനസാന്തരപ്പെടുന്നുണ്ടോ? ആത്മീയ ഉണർവ്വുണ്ടാകുന്നുണ്ടോ?

സംഘടനകളുടെ ജനറൽ കൺവെൻഷനുകളെ മാറ്റി നിർത്തിയാൽ ഏതുതരം കൺവെൻഷനുകളിലായിരിക്കും ഏറ്റവും അധികം ആളുകൂടുന്നത്? അത് വിശേഷിച്ച് പറയണോ? ഉണർവ്വ് യോഗങ്ങളിൽ. "ഇതാ വരുന്നൂ അനുഗ്രഹം" എന്ന ദൂതുമായി ഊരുചുറ്റുന്ന "ഉണർവ്വു പ്രസംഗകർ" പ്രസംഗിക്കുന്ന കൺവെൻഷനുകളിൽ. ശാപം പൊട്ടാനും അനുഗ്രഹം പ്രാപിക്കാനും ജനം ഇത്തരം യോഗങ്ങളിലേക്ക്, ഈയംപാറ്റകളേപ്പോലെ, പറന്നടുക്കുകയാണ്.

പച്ചയായ പുൽപ്പുറങ്ങളിലേക്ക് ആടുകളെ നയിക്കുക മാത്രമല്ല അവയെ ചെന്നായ്ക്കളുടേയും ഇതര ദുഷ്ടമൃഗങ്ങളുടേയും വായിൽ അകപ്പെടാതെ രക്ഷിക്കയും ചെയ്യേണ്ടത് ഇടയൻമാരാണ്. പക്ഷേ, പെന്തക്കോസ്തിലെ ഇടയൻമാർക്ക് ഇപ്പോൾ മറ്റു പലതിലുമാണ് താല്പര്യം. അതുകൊണ്ട് ആടുകൾ വ്യാജ ഉണർവ്വുകളുടേയും വചനവിരുദ്ധമായ ഇതര വൈകൃതങ്ങളുടേയും പിന്നാലെ പായുന്നു.

യേശുവിൽ വിശ്വസിക്കുന്നവരുടെ ഉള്ളിൽനിന്നും ജീവജലത്തിൻെറ നദി ഒഴുകും എന്നത് സത്യമാണ്. പക്ഷേ, തിരുവെഴുത്ത് പറയുന്നതുപോലെയായിരിക്കും ജീവജലനദി ഒഴുകുന്നത്. തിരുവെഴുത്തിൽ പറയാത്ത ഒഴുക്ക് ദൈവീകമല്ല. കർത്താവായ യേശുക്രിസ്തു വാഗ്ദത്തം ചെയ്തതും അപ്പൊസ്തലൻമാർ പ്രാപിച്ചതും ലേഖനങ്ങളിൽ ഉപദേശമുള്ളതുമായ അനുഗ്രഹങ്ങളും കൃപകളും കൃപാവരങ്ങളും ദൈവീകമാണ്. അത് ദൈവമക്കൾക്ക് സ്വീകാര്യമാണ്. എന്നാൽ കർത്താവോ ശിഷ്യൻമാരോ അറിഞ്ഞിട്ടില്ലാത്ത അനുഗ്രഹങ്ങളും കൃപാവരങ്ങളും ദൈവീകമല്ലെന്ന് തിരിച്ചറിയാൻ ദൈവമക്കൾക്ക് കഴിയണം. പക്ഷേ, ദൈവവചനത്തേക്കാൾ അനുഭവങ്ങൾക്ക് വില കൽപ്പിക്കുന്നവർക്ക് സത്യം ഗ്രഹിക്കാൻ കഴിയുന്നില്ല.

എന്താണ് ഉണർവ്വ്? ഉറങ്ങിക്കിടക്കുന്നവൻ ഉറക്കം വിട്ട് എഴുന്നേൽക്കുന്നതാണ് ഉണർവ്വ്. ഉറക്കത്തിനിടയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നെന്നുവരാം. പിച്ചും പേയും പറഞ്ഞേക്കാം. ചിലർ ഇറങ്ങി നടക്കാറുമുണ്ട്. അറിവില്ലാത്തവർ ഇതൊക്കെ ഉണർവ്വായി തെറ്റിദ്ധരിക്കും. ഇന്നത്തെ ഉണർവ്വുകൾ ഇത്തരത്തിലുള്ളതാണ്. അവർ തിരിയുന്നും മറിയുന്നുമുണ്ട്. അർത്ഥശൂന്യമായ വാക്കുകൾ പറയുന്നുണ്ട്. ചിലർ ചാടുകയും തുള്ളുകയും ചെയ്യുന്നതും കാണാം. ഇവർ സുബോധത്തോടെയല്ല ഇതൊന്നും ചെയ്യുന്നത്. കാരണം, ഇവർ ഉണർന്നിട്ടില്ല.

എന്താണ് യഥാർത്ഥ ഉണർവ്വ്? അത് മനസ്സിലാക്കണമെങ്കിൽ മനുഷ്യനേക്കുറിച്ച് ചിലതെല്ലാം അറിഞ്ഞിരിക്കണം. ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ മൂന്നു ഘടകങ്ങളുള്ളവനാണ് മനുഷ്യൻ. 1തെസ. 5:23, എബ്രാ.4:12. യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യൻെറ ശരീരം ഉണ്ടാക്കി. അതിനുശേഷം അവൻെറ മൂക്കിൽ ജീവൻെറ ആത്മാവിനെ ഊതി. അതോടെ അവനിൽ ദേഹി എന്ന മൂന്നാമതൊരു ഘടകം കൂടി ഉണ്ടായി. അങ്ങനെ മനുഷ്യൻ ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ മൂന്നു ഘടകങ്ങളുള്ള വ്യക്തിയായിത്തീർന്നു.

നല്ല ഭക്ഷണം ലഭിക്കുമ്പോൾ നമുക്ക് സന്തോഷവും ഉണർവ്വും ഒക്കെ ഉണ്ടാകും. മനുഷ്യനിലെ ദേഹം എന്ന ഘടകമാണ് അപ്പോൾ സന്തോഷിച്ചത്. ഇത് ആത്മീയസന്തോഷമായി ആരും വ്യാഖ്യാനിക്കാറില്ല. ആർക്കെങ്കിലും നല്ല ഭക്ഷണം കൊടുത്താൽ ശരീരത്തിൻെറ പോഷണത്തിനുള്ളത് കൊടുത്തു എന്നാണ് മനസ്സിലാക്കേണ്ടത്.

ബുദ്ധി, ഇച്ഛ, വികാരം എന്നിവയുടെ ആകെത്തുകയാണ് ദേഹി. എബ്രായ ഭാഷയിൽ നെഫേഷ് എന്നും ഗ്രീക്കിൽ സൂക്കേ എന്നും ഇംഗ്ലീഷിൽ mind എന്നും സംസ്കൃതത്തിൽ "അഹം" എന്നും പറയുന്നത് ഇതുതന്നെ. മനസ്സ് എന്ന വാക്ക് ദേഹി എന്നതിന് തുല്യമാകില്ലെങ്കിലും അർത്ഥം മനസ്സിലാക്കാൻ സഹായകമാകും. ബുദ്ധി, ഇച്ഛ, വികാരം എന്നിവയ്ക്ക് പോഷണം ലഭിക്കുന്ന ആശയങ്ങളും പ്രസംഗങ്ങളും ആത്മീയ ഉണർവ്വു പ്രസംഗങ്ങളായി തെറ്റിദ്ധരിക്കപ്പെടാറുണ്ട്.

ഉദാഹരണത്തിന്, നല്ല ഒരു ഫലിതം കേട്ടാൽ നമുക്ക് സന്തോഷമുണ്ടാകും. ഫലിതം മനുഷ്യനിലെ ഏതു ഘടകത്തിനാണ് ഉത്തേജനം ഉണ്ടാക്കുന്നത്? "വികാരത്തെ" എന്ന് സംശയം കൂടാതെ പറയാം. അപ്പോൾ സന്തോഷിക്കുന്നത് നമ്മുടെ ദേഹമോ ആത്മാവോ അല്ല ദേഹിയാണ്. കാരണം, വികാരമെന്നത് ദേഹിയുടെ ഭാഗമാണ്. ബുദ്ധി, ഇച്ഛ, വികാരം എന്നിവയെ സ്പർശിക്കുന്ന പ്രസംഗങ്ങൾ ആത്മാവിനെയല്ല ദേഹിയെ അത്രേ ഉണർത്തുന്നത്.

ആത്മാവിനുള്ള ഭക്ഷണം ദൈവവചനമെന്ന അപ്പവും പാനീയം പരിശുദ്ധാത്മാവാകുന്ന വെള്ളവുമാണ്. അത് ലഭിക്കുമ്പോൾ ആത്മാവ് സന്തോഷിക്കും. ഉറങ്ങിക്കിടക്കുന്ന ആത്മാവ് ഉണർന്നെഴുന്നേൽക്കും. അതാണ് ശരിയായ ഉണർവ്വ്. യഥാർത്ഥ സുവിശേഷത്തിനു പകരം അനുഗ്രഹത്തിൻെറ സുവിശേഷം കേൾക്കുമ്പോൾ ഉണരുന്നത് ആത്മാവല്ല, ദേഹവും ദേഹിയുമാണ്. ആകയാൽ, വചനവിരുദ്ധമായ ഉപദേശങ്ങൾ പ്രചരിപ്പിച്ച് കപട ഉണർവ്വുണ്ടാക്കുന്നതിൻെറ പിന്നിൽ പ്രവർത്തിക്കുന്നത് ദുരാത്മാവാണ്.

"ഇതാ വരുന്നൂ അനുഗ്രഹം" എന്നു കേൾക്കുമ്പോൾ സന്തോഷിക്കുന്നത് ഏതു ഘടകമാണ്? ആത്മീയ അനുഗ്രഹത്തേക്കുറിച്ചാണ് പറയുന്നതെങ്കിൽ സന്തോഷിക്കുന്നത് ആത്മാവായിരിക്കും എന്നതിന് സംശയമില്ല. പക്ഷേ, ഇവിടെ പറയുന്ന അനുഗ്രഹം ഭൗതീക അനുഗ്രഹമാണെങ്കിലോ? "പണമുണ്ടാകാൻ പോകുന്നു" എന്നാണ് "അനുഗ്രഹം ഉണ്ടാകാൻ പോകുന്നു" എന്നതിന് ഇക്കാലത്തുള്ള അർത്ഥം. പണം ഉണ്ടായാലും ഇല്ലെങ്കിലും ആത്മാവിന് ഗുണമുണ്ടാകാനില്ല. കാരണം, ആത്മാവ് ദാഹിക്കുന്നത് ജീവനുള്ള ദൈവത്തിനായിട്ടാണ്. "എപ്പോൾ അമേരിക്കയിൽ പോകും" എന്നല്ല "എപ്പോൾ ദൈവസന്നിധിയിൽ ചെല്ലും" എന്നാണ് ആത്മാവിന് അറിയേണ്ടത്. സങ്കീ.42:2.

ഇന്നത്തെ ഉർണവ്വു പ്രസംഗങ്ങളിൽ കേൾക്കുന്ന പ്രസംഗങ്ങളെ ദൈവവചന വെളിച്ചത്തിൽ വിലയിരുത്തുക. എന്തൊക്കെയാണ് പ്രസംഗകൻ വാഗ്ദാനം ചെയ്യുന്നത്? സാമ്പത്തിക ഉയർച്ച, രോഗസൗഖ്യം, ശത്രുവിൻെറമേൽ ജയം, അങ്ങനെ പലതും. ഇതൊക്കെ കേൾക്കുമ്പോൾ ജനം അത്യുച്ചത്തിൽ ഹാലേലൂയ്യായും അന്യഭാഷയും പറയും. ചാടുകയും തുള്ളുകയും ഒക്കെ ചെയ്യും. വെരുകിനേപ്പോലെ ഓടിക്കൊണ്ടാണ് പ്രസംഗകൻ അനുഗ്രഹം ചൊരിയുന്നത്. ഇതാണോ ആത്മീയ ഉണർവ്വ്?

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ, സുരേഷ് ബാബു തുടങ്ങിയവർ ഒരുപക്ഷേ പാപത്തിൽ വീണവരായിരിക്കാം. പക്ഷേ, അവർ ദൈവത്തോട് പാപം ഏറ്റു പറഞ്ഞാൽ ദൈവം ക്ഷമിക്കുകയില്ലേ? ദൈവം ക്ഷമിച്ച പാപം വീണ്ടും കുത്തിപ്പൊക്കുന്നത് ശരിയാണോ?

■ കെ.സി.ജോണും സുരേഷ് ബാബുവും ടി.എസ്.ഏബ്രഹാമും മറ്റും മാനസാന്തരപ്പെട്ടിരിക്കാം. ദൈവം അവരോട് ക്ഷമിക്കയും ചെയ്തിരിക്കാം. അതൊക്കെ ബാലൻ അറിഞ്ഞേ മതിയാകൂ എന്നുണ്ടോ? കെ.സി. ജോണും സുരേഷ് ബാബുവും ടി.എസ്.ഏ ബ്രഹാമും മറ്റും മാനസാന്തരപ്പെട്ടാൽ അത് ബാലൻ മാത്രമല്ല, സകല വിശ്വാസികളും അറിയും, സംശയം വേണ്ട.

എങ്ങനെയാണ് പാപത്തിന് പരിഹാരം വരുത്തേണ്ടത്? കർത്താവായ യേശുക്രിസ്തുവിൻെറ രക്തം സകല പാപവും പോക്കി നമ്മെ വിശുദ്ധീകരിക്കുന്നു. രക്ഷ കൃപയാൽ വിശ്വാസം മൂലം ലഭിക്കുന്നതാണ്. അതിന് നമ്മുടെ പുണ്യപ്രവൃത്തികൾ ആവശ്യമില്ല. പക്ഷേ, രക്ഷിക്കപ്പെട്ട വ്യക്തി പുതിയ സൃഷ്ടിയാണ്. നൻമ പ്രവർത്തിക്കാനായിട്ടത്രേ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട്, വീണ്ടും ജനനം പ്രാപിച്ച വ്യക്തി സത്പ്രവൃത്തികൾ ചെയ്യും. രക്ഷിക്കപ്പെടാനല്ല, രക്ഷിക്കപ്പെട്ടതുകൊണ്ടാണ് വിശ്വാസി സത്പ്രവൃത്തികൾ ചെയ്യുന്നത്.

എന്നാൽ, രക്ഷിക്കപ്പെട്ടു എന്ന് പറയുകയും പാപത്തിൽ ജീവിക്കയും ചെയ്യുന്ന വ്യക്തി രക്ഷിക്കപ്പെട്ടവനല്ല. 1985ൽ രക്ഷിക്കപ്പെട്ടു എന്നാണ് സുരേഷ് ബാബു അവകാശപ്പെടുന്നത്. പക്ഷേ, അതിനുശേഷമാണ് പച്ചക്കളളങ്ങൾ പറഞ്ഞതും രണ്ട് ജാരസന്തതികളുടെ പിതാവായതും. കെ.സി.ജോണും നിരന്തരം പാപത്തിൽ ജീവിക്കുന്നു. ടി.എസ്.ഏബ്രഹാമിന്റെ കഥയും മറിച്ചല്ല. പാപം ചെയ്തതായി ഇവരാരും സമ്മതിച്ചിട്ടുപോലുമില്ല. പിന്നെങ്ങനെ പാപമോചനം ലഭിക്കും? ഇവർ രക്ഷിക്കപ്പെട്ടവരായിരുന്നെങ്കിൽ ഇങ്ങനെ പാപത്തിൽ ജീവിക്കയില്ലായിരുന്നു. ഇവർ രക്ഷിക്കപ്പെട്ടവരല്ല എന്നതിന് ഇതിലധികം തെളിവെന്തിന്?

പാപം പ്രധാനമായി മൂന്നു തരമുണ്ട്. പാപം ചെയ്ത വ്യക്തിയും ദൈവവും മാത്രം അറിയുന്ന പാപമാണ് ഒരിനം. ഇത്തരം പാപങ്ങൾ രഹസ്യമായി ദൈവത്തോട് ഏറ്റുപറഞ്ഞ് ഉപേക്ഷിക്കയും യേശുവിൻെറ രക്തത്താൽ ശുദ്ധീകരണം പ്രാപിക്കയും ചെയ്താൽ മതിയാകും.

എന്നാൽ പാപം ചെയ്ത വ്യക്തിയും ദൈവവും മാത്രമല്ല, ചില മനുഷ്യരും അറിഞ്ഞ പാപം ദൈവത്തോട് ഏറ്റുപറയുക മാത്രം ചെയ്താൽ മതിയാകയില്ല. ഈ പാപത്തേക്കുറിച്ച് അറിഞ്ഞ എല്ലാവരോടും പാപം ഏറ്റുപറഞ്ഞ് ശുദ്ധീകരണം പ്രാപിക്കണം. ഏറെ പരസ്യമായ പാപങ്ങളാണ് മൂന്നാമത്തെ ഇനം. ഇത്തരം പാപങ്ങൾ പരസ്യമായി ഏറ്റുപറഞ്ഞ് ക്രമീകരണം വരുത്തണം.

കെ.സി.ജോൺ, സുരേഷ് ബാബു, ടി.എസ്.ഏബ്രഹാം തുടങ്ങിയവരുടെ പാപങ്ങൾ പരസ്യമാണ്. ഇത് രഹസ്യമായി പരിഹരിക്കാൻ ആവില്ല. സ്റ്റേജിൽ നിന്ന് പറഞ്ഞ കളളങ്ങൾ സുരേഷ് ബാബു പരസ്യമായി ഏറ്റുപറയണം. സുരേഷിന് മേഴ്സി, ഇന്ദിര എന്നിവരിൽ ഉണ്ടായ കുട്ടികൾക്ക് ജീവിക്കാനുളള വക നൽകണം. തെറ്റായ വഴികൾ വിട്ട് താൻ മാനസാന്തരപ്പെടുന്നതായി സുരേഷ് പരസ്യമായി പ്രഖ്യാപിക്കണം. അതിനു ശേഷം വ്യഭിചാരവും തട്ടിപ്പും മറ്റും അവസാനിപ്പിച്ച് ഒരു ദൈവദാസനായി ജീവിക്കണം. കെ.സി.ജോണും ഇതൊക്കെത്തന്നെയാണ് ചെയ്യേണ്ടത്. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ പാകപ്പിഴകൾ അംഗീകരിക്കുന്നു എന്നും അവയൊക്കെ പരിഹരിച്ച് ജീവിക്കുവാൻ തീരുമാനിച്ചിരിക്കുന്നു എന്നും പരസ്യമായി പ്രഖ്യാപിക്കണം. അതിനുശേഷം ദൈവവചന പ്രകാരം ജീവിക്കണം. ടി.എസ്.ഏബ്രഹാം സഭയുടെ സ്വത്തുക്കൾ മടക്കി നൽകണം. ദുർന്നടപ്പുകാരനായി ജീവിച്ചതിന് പരസ്യമായി മാപ്പു പറയണം. ഇതാണ് ശരിയായ മാനസാന്തരം. ഇത്രയുമൊക്കെ നടന്നു കഴിഞ്ഞാൽ ഡിഫെൻഡർ ഇവരേക്കുറിച്ച് എഴുതുന്നത് നിർത്തും.

സുരേഷ് ബാബുവിനും കെ.സി.ജോണിനും ടി.എസ്.ഏബ്രഹാമിനും മറ്റും ഇനി രഹസ്യമായി മാനസാന്തരപ്പെടാനാവില്ല. അതിനുള്ള കാലം പണ്ടേ കഴിഞ്ഞുപോയി. പൊതുജനം അറിഞ്ഞ് ഇവർ മാനസാന്തരപ്പെട്ടാൽ അത് ശരിയായ മാനസാന്തരമായി കണക്കാക്കാം.

ഡിഫെൻഡർ ഇവരെ എന്തുകൊണ്ട് എതിർക്കുന്നു? ഉത്തരം വ്യക്തം: ഇവർ ദൈവദാസൻമാരല്ല. ദൈവമക്കളുമല്ല. ഇവർക്ക് ദൈവവചനം പ്രസംഗിക്കാൻ അധികാരമില്ല. ഇവരുടെ പ്രസംഗം കേട്ട് ആളുകൾ പെന്തക്കോസ്തിൽ ചേരുന്നുണ്ടോ എന്നത് പ്രാധാന്യമുള്ള വിഷയമല്ല. കാരണം, പാപത്തിൽ ജീവിക്കുന്നവന് ദൈവവചനം പ്രസംഗിക്കാൻ അനുവാദമില്ല. ഇത്തരക്കാരെ എതിർക്കേണ്ടത് തികച്ചും ആവശ്യമാണ്.

ആര് ദൈവവചനം പറഞ്ഞാലും വേണ്ടില്ല, പെന്തക്കോസ്തിൽ ആളുകൂടിയാൽ മതി എന്ന നിലപാട് ദൈവീകമല്ല. ദുഷ്ടന് നാവിലെടുക്കാവുന്നതല്ല ദൈവവചനം. സംശയമുള്ളവർ സങ്കീ.50:16 വായിക്കുക. "എന്നാൽ ദുഷ്ടനോട് ദൈവം അരുളിചെയ്യുന്നു, നീ എൻെറ ചട്ടങ്ങളെ അറിയിപ്പാനും എൻെറ നിയമത്തെ നിൻെറ വായിൽ എടുപ്പാനും നിനക്കെന്തുകാര്യം?"

ആരാണ് ദുഷ്ടൻ? ഏതെങ്കിലും കള്ളുകുടിയനോ മറ്റോ ആണോ? അതിനുള്ള ഉത്തരം തുടർന്നുള്ള വാക്യങ്ങളിലുണ്ട്. "നീ ശാസനയെ വെറുത്ത് എൻെറ വചനങ്ങളെ നിൻെറ പുറകിൽ എറിഞ്ഞുകളയുന്നുവല്ലോ. കള്ളനെ കണ്ടാൽ നീ അവന് അനുകൂലപ്പെടുന്നു. വ്യഭിചാരികളോട് നീ പങ്കുകൂടുന്നു. നിൻെറ വായ് നീ ദോഷത്തിന് വിട്ടുകൊടുക്കുന്നു. നിൻെറ നാവ് വഞ്ചന പിണയ്ക്കുന്നു. നീ ഇരുന്ന് നിൻെറ സഹോദരനു വിരോധമായി സംസാരിക്കുന്നു. നിൻെറ അമ്മയുടെ മകനേക്കുറിച്ച് അപവാദം പറയുന്നു. ഇവ നീ ചെയ്തു, ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നേപ്പോലെയുള്ളവൻ എന്ന് നീ നിരൂപിച്ചു. എന്നാൽ ഞാൻ നിന്നെ ശാസിച്ച് നിൻെറ കണ്ണിനു മുൻപിൽ അവയെ നിരത്തി വയ്ക്കും. ദൈവത്തെ മറക്കുന്നവരെ, ഇത് ഓർത്തുകൊൾവീൻ. അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും. വിടുവിപ്പാൻ ആരും ഉണ്ടാകയില്ല".

വിശേഷിച്ച് വ്യാഖ്യാനമൊന്നും കൂടാതെ മനസ്സിലാക്കാൻ കഴിയുന്ന വാക്യങ്ങളാണ് ഇവ. കളളനും വ്യഭിചാരിക്കും മറ്റും ദൈവവചനം നാവിൻമേൽ എടുക്കാൻ അധികാരമില്ല. ഇത്തരക്കാരോടൊപ്പം കൂടുന്ന ദുഷ്ടൻമാർക്കും ദൈവവചനം പ്രസംഗിക്കാൻ അനുവാദമില്ല. ദൈവകൃപയിൽ നിലനിൽക്കുന്നവർക്കു മാത്രമേ ദൈവവചനം പ്രസംഗിക്കാൻ അധികാരമുള്ളു.

പെന്തക്കോസ്ത് നേതാവായതുകൊണ്ടു മാത്രം ആരും ദൈവദാസനാകുന്നില്ല. രക്ഷിക്കപ്പെട്ടവർക്ക് പാപത്തിൽ ജീവിക്കാനുമാവില്ല. പാപത്തിൽ മുഴുകി ജീവിക്കുന്ന വ്യക്തി രക്ഷിക്കപ്പെട്ടവനേയല്ല.

# പരിശുദ്ധനായ രാജാവ്

ഉസ്സിയാരാജാവ് മരിച്ച ആണ്ടിൽ യെശയ്യാ പ്രവാചകന് സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ ദിവ്യദർശനം ലഭിച്ചു. ബി.സി. 740-ൽ ആണ് ഇതു സംഭവിച്ചത് എന്നു കരുതപ്പെടുന്നു. കർത്താവ് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതായി പ്രവാചകൻ കാണുന്നു. ദൈവീക സിംഹാസനത്തിന്റെ മഹത്വത്തെ സൂചിപ്പിക്കുവാനാണ് ഉയർന്നും പൊങ്ങിയും എന്നു പറഞ്ഞിരിക്കുന്നത്. ഈ ലോകത്തിലെ സിംഹാസനങ്ങൾക്കൊന്നും ഇത്ര ഔന്നത്യമില്ല.

ഉസ്സിയാരാജാവ് മരിച്ച ആണ്ടിൽ എന്ന ഭാഗം പലരും ദുർവ്യാഖ്യാനം ചെയ്യാറുണ്ട്. ഉസ്സിയാവ് എന്നാൽ അഹങ്കാരം എന്നാണ് അർത്ഥമെന്നും നമ്മുടെ ജീവിതത്തിൽ നിന്നും അഹങ്കാരം മരിക്കാതെ ദൈവീകദർശനം ഉണ്ടാകയില്ല എന്നും ഒക്കെയാണ് വ്യാഖ്യാനം. പക്ഷേ, ഈ ഭാഗത്തിന് ഇങ്ങനെയൊന്നും അർത്ഥമില്ല. ഒന്നാമതായി ഉസ്സിയാവ് എന്ന വാക്കിന് Uzziel, the strength, or kid of the Lord എന്നാണ് അർത്ഥം. അഹങ്കാരമെന്ന അർത്ഥമേയില്ല. ഉസ്സിയാവ് ദാവീദിന്റെ വഴികളിൽ നടന്ന ഒരു രാജാവാണെന്ന് ദൈവാത്മാവു തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് അന്യദൈവങ്ങളുമായി ബന്ധപ്പെടുത്തിയും ഈ ഭാഗം ചിന്തിക്കേണ്ടതില്ല. എന്നാൽ, ഉസ്സിയാവ് ബലവാനായപ്പോൾ അവൻ അഹങ്കരിച്ചു എന്ന് ദൈവവചനത്തിലുണ്ട്. പക്ഷേ, അതിന് പ്രവാചകൻ ദർശനം കാണുന്നതുമായി എന്തു ബന്ധം?

ദൈവവചനത്തിൽ ഒരു വാക്കുപോലും അനാവശ്യമായി ഉപയോഗിച്ചിട്ടില്ല. അങ്ങനെയെങ്കിൽ ഉസ്സിയാവു മരിച്ച ആണ്ടിലാണ് ഈ ദർശനം ഉണ്ടായതെന്ന് പറയുവാൻ കാരണമെന്ത്? ഉസ്സിയാവ് വളരെ ദീർഘവർഷം- അൻപത്തിരണ്ടു വർഷം-ഭരണം നടത്തി. ഉസ്സിയാവില്ലാത്ത ഒരു യഹൂദ്യ സങ്കല്പിക്കുവാൻ പോലും ജനത്തിനു കഴിയാത്ത നിലയിലായി. നെഹ്റൂവിനു ശേഷം ആര് എന്ന് ഇന്ത്യക്കാർ ചിന്തിച്ചിരുന്ന കാലം മിക്കവരും മറന്നിരിക്കില്ലല്ലോ. ശക്തനായ ഒരു ഭരണാധികാരി, വളരെക്കാലം ഭരണം നടത്തുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ഒരു പ്രത്യേകതരം മാനസികാവസ്ഥയാണിത്.

പ്രവാചകനും ഇത്തരമൊരു ചിന്ത ഉണ്ടായിരുന്നിരിക്കാം.

ഒരു നാൾ ഉസ്സിയാവു മരിച്ചു. അതോടെ ജനഹൃദയങ്ങളിൽ ഒരു അരക്ഷിതാവസ്ഥ ഉണ്ടായി. ഇനിയെന്ത് എന്നായി അവരുടെ ചിന്ത. ഉസ്സിയാവിനെയല്ലാതെ മറ്റൊരു രാജാവിനെ സങ്കല്പ്പിക്കുവാൻ പോലും അവർക്കു കഴിയുന്നില്ല. ഇത്തരമൊരു ചിന്താഗതി, പ്രവാചകനുൾപ്പടെ എല്ലാവർക്കും ഉണ്ടായപ്പോഴാണ് യഥാർത്ഥ രാജാവിനെ പ്രവാചകൻ കാണുന്നത്. ഉസ്സിയാവിനേക്കാൾ എത്രയോ വലിയവനാണ് ഈ നിത്യ രാജാവെന്ന് പ്രവാചകന് ബോദ്ധ്യമായി.

ഉസ്സിയാവിന്റെ സിംഹാസനം ശ്രേഷ്ഠമായിരുന്നു. അത് ഉന്നതമായിരുന്നു. പക്ഷേ, സൈന്യങ്ങളുടെ ദൈവമായ രാജാവ് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിലാണ് ഇരിക്കുന്നത്. ഉസ്സിയാവിന്റെ പ്രശസ്തി അയൽ രാജ്യങ്ങളിലേക്കും വ്യാപിച്ചിരുന്നു. പക്ഷേ, നിത്യരാജാവിന്റെ മഹത്വം സർവ്വഭൂമിയിലും നിറഞ്ഞിരിക്കയാണ്. ഉസ്സിയാവിനെ പുകഴ്ത്തുവാനും സ്തുതിക്കുവാനും മനുഷ്യരേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ, നിത്യരാജാവിനെ സ്തുതിക്കുന്നത് സാറാഫുകളാണ്. ഉസ്സിയാവിനെ കുറിച്ച് അവൻ അശുദ്ധൻ എന്നേ ജനം അന്യോനം പറയൂ. കാരണം, അവൻ കുഷ്ഠരോഗി ആയിരുന്നല്ലോ. എന്നാൽ, സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് സാറാഫുകൾ ആർക്കുകയാണ്. ഇതാണ് അവർക്ക് അന്യോന്യം പറയുവാനുള്ളത്.

അശുദ്ധനായ രാജാവിനെ മാത്രം അറിഞ്ഞിരുന്ന പ്രവാചകന് സ്വന്തം അശുദ്ധി കാണുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ, പരിശുദ്ധനായ രാജാവിനെ കണ്ടതോടെ പ്രവാചകൻ ഭയന്നുപോയി. താൻ അശുദ്ധനാണെന്ന സത്യം അപ്പോഴാണ് യെശയ്യാവിനു മനസ്സിലായത്. എന്നാൽ, തന്റെ കുറ്റം ഏറ്റു പറഞ്ഞ പ്രവാചകനെ ദൈവം ശുദ്ധീകരിച്ചു.

ആരാണ് സാറാഫുകൾ? ജ്വലിക്കുന്നവർ എന്നാണ് ഈ വാക്കിന് അർത്ഥം. മനുഷ്യരേപ്പോലെ കൈയ്യും കാലും ഉള്ളവരാണിവർ എന്ന് വിവരണത്തിൽ നിന്നും മനസ്സിലാകുന്നു. ഇവർക്ക് ആറു ചിറകുകളുമുണ്ട്. രണ്ടുകൊണ്ട് അവർ മുഖം മൂടുകയും രണ്ടു കൊണ്ട് പാദം മൂടുകയും ചെയ്യുന്നു. മിച്ചമുള്ള രണ്ടു ചിറകുകളാണ് ഇവർ പറക്കുവാനായി ഉപയോഗിക്കുന്നത്. ഇവർ ദൈവദൂതന്മാരിൽ ഒരിനമാണ് എന്ന് ന്യായമായി ഊഹിക്കാം. കെരൂബുകൾ എന്നുപേരുള്ള ഒരിനം ദൂതന്മാരെക്കുറിച്ചും ദൈവവചനത്തിൽ സൂചനയുണ്ട്. എന്നാൽ ദൂതന്മാർ ഭൂമിയിൽ വന്ന സന്ദർഭങ്ങളിലെല്ലാം അവരെ മനുഷ്യരൂപത്തിലാണ് കണ്ടിട്ടുള്ളത്. അവർ ആ രൂപത്തിൽ പ്രത്യക്ഷപ്പെട്ടതാണോ അതോ മനുഷ്യരൂപത്തിലുള്ള ഒരു കൂട്ടം ദൂതന്മാർ ഉണ്ടോ എന്ന് വ്യക്തമല്ല. ഇതൊക്കെ ദൈവം നമ്മുക്ക് മറച്ചു വച്ചിരിക്കയാണ്. മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളത്.

ആർ നമ്മുക്കു വേണ്ടി പോകും എന്ന ചോദ്യം ശ്രദ്ധേയമാണ്. കർത്താവായ യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി യാഗമാകുവാൻ സ്വയം ഏല്പ്പിച്ചു കൊടുത്തതുമായി ബന്ധപ്പെടുത്തി പലരും ഈ ഭാഗം വ്യാഖ്യാനിക്കാറുണ്ട്. എന്നാൽ ഈ ഭാഗത്തിന് അത്തരമൊരു അർത്ഥമില്ല. ദൈവീകാലോചനകൾ ജനത്തെ അറിയിക്കുവാൻ ആരു പോകും എന്നേ കർത്താവ് ചോദിക്കുന്നുള്ളൂ. പ്രവാചകൻ സ്വയം ഏല്പിച്ചു കൊടുക്കുന്നു. അങ്ങനെ ദൈവം പ്രവാചകനെ ദൂതുമായി അയയ്ക്കുന്നു.

യെശയാവ് കണ്ട യഹോവ ആര്? പിതാവോ പുത്രനോ പരിശുദ്ധാത്മാവോ? യഹോവ എന്നു കേൾക്കുമ്പോൾ പിതാവായ ദൈവം എന്ന ധാരണയാണ് മിക്കവർക്കും ഉണ്ടാകുക. ഇതിനു കാരണമുണ്ട്. ഭാഗം ഭാഗമായും വിവിധമായും ആണ് ദൈവീകവെളിപ്പാടുകൾ ഉണ്ടായത്. പുത്രൻ മുഖാന്തരം ഉണ്ടായ വെളിപ്പാടാണ് പൂർണ്ണം. പഴയ നിയമകാലത്ത് ദൈവം വെളിപ്പെടുത്താതിരുന്ന പല വിഷയങ്ങളും പുതിയ നിയമ കാലത്താണ് ദൈവം വെളിപ്പെടുത്തിയത്. ഉദാഹരണമായി ജാതികളും യിസ്രയേലും ചേർന്ന് ദൈവസഭ ഉണ്ടാകുമെന്ന് പഴയ നിയമ കാലത്ത് വെളിപ്പെട്ടിരുന്നില്ല. അതുപോലെയാണ് ത്രിത്വം എന്ന മർമ്മവും.

യഹോവ എന്ന ഏകദൈവം മൂന്ന് ആളത്വങ്ങളുള്ളവനാണെന്ന് പഴയനിയമ കാലത്ത് ജനം അറിഞ്ഞിരുന്നില്ല. എന്നാൽ ത്രിത്വത്തിനു വിരുദ്ധമായ യാതൊരു ഉപദേശവും പഴയ നിയമത്തിൽ ഇല്ലതാനും. മാത്രമല്ല, ത്രിത്വം നിരവധി സന്ദർഭങ്ങളിൽ പഴയ നിയമത്തിൽ തന്നെ വെളിപ്പാടുത്തുന്നുമുണ്ട്. അത് പലരും വേണ്ട രീതിയിൽ ഗ്രഹിക്കുന്നില്ല എന്നു മാത്രം.

യെശ.6-ാം അദ്ധ്യായത്തിലെ യഹോവ പിതാവായ ദൈവമാണെന്ന് യഹോവാ സാക്ഷികൾ ഉൾപ്പടെ ആരും സമ്മതിക്കും. അതുകൊണ്ട് അതു തെളിയിക്കുവാൻ ശ്രമിക്കുന്നില്ല. അതു പുത്രനോ പരിശുദ്ധാത്മാവോ ആണോ എന്നു മാത്രം നമ്മുക്ക് പരിശോധിക്കാം.

യോഹ.12:40,41 നോക്കുക. ഈ ഭാഗം നമ്മുടെ കൈവശമുള്ള തർജ്ജമയിൽ വേണ്ടത്ര വ്യക്തമല്ല. എന്നാൽ ഇംഗ്ലീഷ് എൻ.ഐ.വിയിൽ വളരെ വ്യക്തമായി ഇതു കൊടുത്തിട്ടുണ്ട്. യെശ. 6:10 ഉദ്ധരിച്ചശേഷം യോഹന്നാൻ ഇപ്രകാരം പറയുന്നു: യെശയ്യാവ് യേശുവിന്റെ തേജസ്സുകണ്ട് യേശുവിനെക്കുറിച്ച് സംസാരിച്ചതുകൊണ്ടത്രേ ഇങ്ങനെ പറയുന്നത്. ഇതിൽ നിന്നും യെശയ്യാവു കണ്ട യഹോവ കർത്താവായ യേശുക്രിസ്തുആയിരുന്നു എന്ന് മനസ്സിലാക്കാം. യെശ. 6:8-ൽ കർത്താവ് എന്നും പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. ഇത് പുതിയ നിയമത്തിൽ യേശുവിനെക്കുറിക്കുവാൻ ഉപയോഗിക്കുന്ന വാക്കാണ്.

എന്നാൽ ഇത് പരിശുദ്ധാത്മാവായിരുന്നു എന്നും ബൈബിളിൽ ഉണ്ട് എന്നത് ഒരു വസ്തുതയാണ്. യെശ.6:10 ഉദ്ധരിച്ചശേഷം പൗലോസ് ഇപ്രകാരം പറയുന്നു.: .......എന്നിങ്ങനെ പരിശുദ്ധാത്മാവ് യെശയ്യാ പ്രവാചകൻ മുഖാന്തരം നിങ്ങളുടെ പിതാക്കൻമാരോട് പറഞ്ഞിരിക്കുന്നത് ശരി തന്നെ. പ്രവൃ.28:26-28. അങ്ങനെയങ്കിൽ യെശ.6:10 അരുളിചെയ്ത യഹോവ പരിശുദ്ധാത്മാവാണെന്നു വരുന്നു. ഇത് മൂന്നും കൂടി ഒരേ സമയം ശരിയാകുന്നതെങ്ങനെ? യഹോവ എന്നത് പിതാവു മാത്രമല്ല, പുത്രനും പരിശുദ്ധാത്മാവും കൂടിയാണ് എന്നു മനസ്സിലാക്കിയാൽ പ്രശ്നം തീരും. പുതിയ നിയമത്തിൽ ദൈവം എന്നും കർത്താവ് എന്നും മറ്റും പറഞ്ഞിരിക്കുന്നതല്ലാതെ, യഹോവ എന്ന നാമം ഉപയോഗിച്ചിട്ടില്ല. അതുകൊണ്ട് ചില തെറ്റിദ്ധാരണകൾ ഉണ്ടാകുന്നു എന്നു മാത്രം.

സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നിങ്ങനെ മൂന്നു വട്ടം എഴുതിയിരിക്കുന്നത് ത്രിത്വത്തെ സ്തുതിക്കാനാണെന്ന് അനുമാനിക്കാം. ആർ നമ്മുക്കുവേണ്ടി പോകും എന്ന ചോദ്യത്തിലെ നാം ഈ വീക്ഷണത്തിൽ കൂടുതൽ അർത്ഥവത്താകുന്നു. പഴയ നിയമത്തിൽ ത്രിത്വം വെളിപ്പെട്ടിട്ടുള്ള നിരവധി സന്ദർഭങ്ങളിൽ ഒന്നാണിത്.

# ഇത് മറ്റൊരു സുവിശേഷം

കർത്താവായ യേശുക്രിസ്തു ന്യായപ്രമാണത്തിൻെറ ശാപം നീക്കിക്കഴിഞ്ഞതിനാൽ ദൈവം അബ്രഹാമിന് വാഗ്ദത്തം ചെയ്ത അനുഗ്രഹങ്ങളെല്ലാം വിശ്വാസികൾക്ക് ലഭിക്കും എന്നൊരു സുവിശേഷം ഈയിടെ കേൾക്കുകയുണ്ടായി.

അബ്രഹാമിന് ദൈവം വാഗ്ദത്തം ചെയ്ത അനുഗ്രഹങ്ങൾ വിശ്വാസികൾക്ക് ലഭിക്കും എന്ന് ദൈവവചനം വ്യക്തമായി പറയുന്നുണ്ട്. ഗലാ.3:14. ഇതിൻെറ അർത്ഥമെന്താണ്? വിശ്വാസികൾക്ക് ഭൗതീക അനുഗ്രഹങ്ങൾ, അക്ഷരാർത്ഥത്തിൽ ലഭിക്കും എന്നാണോ? ആണെങ്കിൽ, എല്ലാം വിട്ട് കർത്താവിൻെറ പിന്നാലെ ഇറങ്ങിയ പത്രോസും മറ്റ് അപ്പൊസ്തലൻമാരും വലിയ പണക്കാരായി മാറേണ്ടതാണ്. അങ്ങനെ സംഭവിച്ചതായി കേട്ടുകേഴ്വിപോലുമില്ല. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചതുമൂലം ഭൗതീകമായി അനുഗ്രഹിക്കപ്പെട്ട ഏതെങ്കിലും വിശ്വാസിയേക്കുറിച്ച് പുതിയനിയമം പറയുന്നുണ്ടോ? ഉണ്ടെങ്കിൽ എവിടെ? വിശ്വാസികൾ ഒരിക്കലും ഭൗതീക ഉയർച്ച നേടുകയില്ല എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. മറിച്ച്, ഭൗതീക അനുഗ്രഹമല്ല ആത്മീയ അനുഗ്രഹമാണ് വിശ്വാസികൾക്ക് ദൈവം നൽകുന്നത്. അതോടൊപ്പം ഭൗതീക അനുഗ്രഹങ്ങൾ കിട്ടുകയോ കിട്ടാതിരിക്കയോ ചെയ്യാം.

ദാരിദ്ര്യം ശാപമാണെന്ന് പുതിയനിയമം പഠിപ്പിക്കുന്നില്ല. സമൃദ്ധിയുടെ സുവിശേഷക്കാരുടെ വ്യാഖ്യാനം ശരിയാണെങ്കിൽ ധനവാൻ അനുഗ്രഹിക്കപ്പെട്ടവനും ദരിദ്രനായ ലാസർ ശപിക്കപ്പെട്ടവനുമാണ്. പക്ഷേ സത്യം അതല്ലെന്ന് നമുക്കറിയാം. ഉണ്ണാനും ഉടുക്കാനുമുള്ള വക അവകാശമെന്ന നിലയിൽ ഏതു വിശ്വാസിക്കും ദൈവത്തോട് ചോദിക്കാം. അതിൽ അധികമായി എന്തെങ്കിലും ദൈവം തന്നാൽ സന്തോഷത്തോടെ സ്വീകരിച്ചുകൊള്ളൂ. പക്ഷേ, അവകാശമെന്ന നിലയിൽ ചോദിക്കാൻ പാടില്ല. പണക്കാരനാകാം എന്ന പ്രതീക്ഷയോടെ കർത്താവിൻെറ പിന്നാലെ ഇറങ്ങിത്തിരിക്കുന്നത് വിഡ്ഢിത്തമാണ്.

ആത്മവിവശത എന്ന പേരിൽ അറിയപ്പെടുന്ന പ്രതിഭാസങ്ങളും ദൈവവചനത്തിനു പുറത്തുള്ളതാണ്. ആത്മവിവശത എന്നൊന്ന് തിരുവചനത്തിൽ ഉണ്ട് എന്നത് ശരിതന്നെ. പക്ഷേ, ബൈബിളിലെ ആത്മവിവശതയും ഇന്നത്തെ അവശതയും തമ്മിൽ പുലബന്ധം പോലും ഇല്ല. ദൈവവചനപ്രകാരമുള്ള ഒരു അനുഭവത്തിൻെറ പേരെടുത്ത് വചനവിരുദ്ധമായ ഒരു അനുഭവത്തിന് ചാർത്തിക്കൊടുത്ത് സാത്താൻ ജനവഞ്ചന നടത്തുകയാണ് ചെയ്യുന്നത്. ദൈവവചനപ്രകാരമുള്ള "ബിഷപ്പ്" എന്ന പേരെടുത്ത് ആശുശ്രൂഷയുമായി ബന്ധമില്ലാത്ത അധികാരികൾക്ക് കൊടുത്തതുപോലെയുള്ള തട്ടിപ്പാണിത്. വിശുദ്ധ ചിരി, വിശുദ്ധ കുര, വിശുദ്ധ ഛർദ്ദി തുടങ്ങിയവയ്ക്കും ദൈവവചനത്തിൽ ആധാരമില്ല.

കർത്താവ് ചെയ്തതിലും അധികം ചെയ്യാൻ വിശ്വാസിക്ക് കഴിയും എന്നതിന് സംശയമില്ല. പക്ഷേ, ദൈവവചനത്തിലില്ലാത്ത ശുശ്രൂഷയല്ല "അധികം" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അളവിലുള്ള വർദ്ധനവാണ് "അധികം" എന്ന് അറിയുക. കർത്താവ് പ്രസംഗിച്ചതിലും അധികം ആളുകളോട് ശിഷ്യൻമാർ പ്രസംഗിച്ചു. കർത്താവ് സഞ്ചരിച്ചിട്ടില്ലാത്ത രാജ്യങ്ങളിലൂടെ സഞ്ചരിച്ച് സുവിശേഷം പ്രസംഗിച്ചു. കർത്താവ് മൂന്നര വർഷം സുവിശേഷ പ്രസംഗം നടത്തിയെങ്കിൽ ശിഷ്യൻമാർ പത്തോ ഇരുപതോ ഇരട്ടി വർഷങ്ങൾ സുവിശേഷം പ്രസംഗിച്ചു.

പെന്തക്കോസ്ത് ഉപദേശം ദൈവവചനപ്രകാരമുള്ളതാണ്. പക്ഷേ, അതിൻെറ ഭാഗമായി ഇന്ന് ലോകമെമ്പാടും പ്രചരിക്കുന്ന പല ഉപദേശങ്ങൾക്കും നടപടിക്രമങ്ങൾക്കും വചനത്തിൽ ആധാരമില്ല. അനുഗ്രഹത്തിൻെറ സുവിശേഷം മറ്റൊരു സുവിശേഷമാണ്. അതിന് വചനത്തിൽ ആധാരമില്ല.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3950734
മൊബൈൽ: 94474 14608

# കേരളം സംഘർഷത്തിലേക്ക്

കേരളം സംഘർഷഭൂമിയാകാനുള്ള തയ്യാറെടുപ്പിലാണ്. ഇനി വരുന്ന ഏതാനും ആഴ്ചകൾ വിവിധ തരത്തിലുള്ള പ്രശ്നങ്ങൾ മൂലം കേരളം വീർപ്പുമുട്ടും.

പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവും അനുബന്ധ വിഷയങ്ങളും പലവിധത്തിലുള്ള സമരങ്ങൾക്ക് കാരണമാകും. ജൂലൈ 7ന് പ്രൈവറ്റ് ബസ്സുകൾ, ലോറികൾ തുടങ്ങിയവ ഓട്ടം നിർത്തുമെന്ന് അറിയിച്ചിട്ടുണ്ട്. മിനിമം ചാർജ് വർദ്ധിപ്പിക്കുക, ബസ്സ് കൂലി കൂട്ടുക, വിദ്യാർത്ഥികളുടെ സൗജന്യം 50% ആക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് വാഹന സമരം. അതോടൊപ്പം വിവിധ രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന സമരങ്ങൾകൂടി ആകുമ്പോൾ പ്രശ്നം രൂക്ഷമാകും.

സ്വാശ്രയ കോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട വിഷയങ്ങളും പ്രശ്നമാകും എന്നതിന് സംശയമില്ല. മാനേജ്മെന്റുകൾ നടത്തിയ എൻട്രൻസ് പരീക്ഷ മിക്ക സെന്ററുകളിലും അടിപിടിയിൽ കലാശിച്ചു. ഇതോടുള്ള ബന്ധത്തിൽ പഠിപ്പുമുടക്കും പ്രതിഷേധവും നടക്കും. അടുത്തയാഴ്ച ആരംഭിക്കുന്ന കൗൺസിലിംഗ് തടസ്സപ്പെടുത്തുമെന്ന് വിദ്യാർത്ഥി സംഘടനകൾ അറിയിച്ചു കഴിഞ്ഞു. അതുകൊണ്ട് കൗൺസിലിംഗ് നടക്കുന്ന സ്ഥലങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് തീർച്ചയാക്കാം.

പാർട്ടിയിലെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നെട്ടോട്ടത്തിനിടയിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ഭരണം അവഗണിക്കുന്നത് പ്രശ്നങ്ങൾ ഗുരുതരമാകാൻ ഇടയാക്കും. അടിയും കൊള്ളും, പുളിയും കുടിക്കും, ഒടുവിൽ പിഴയും അടയ്ക്കും എന്നതാണ് യു.ഡി.എഫ്. സർക്കാർ എപ്പോഴും സ്വീകരിക്കുന്ന നയം. ഈ പതിവ് ഇത്തവണയും തെറ്റാൻ ഇടയില്ല എന്ന് ഇതുവരെയുള്ള അനുഭവം തെളിയിക്കുന്നു.

# അച്ചൻകുഞ്ഞ് ഇലന്തൂരിന് ബൈബിളിൽ വിശ്വാസമില്ല

അച്ചൻകുഞ്ഞ് ഇലന്തൂരിന് ദൈവവചനമായ ബൈബിളിൽ വിശ്വാസമില്ല എന്നു പറഞ്ഞാൽ മിക്കവരും വിശ്വസിക്കില്ലെന്നറിയാം. പക്ഷേ, വിശ്വസിച്ചേ മതിയാകൂ: കാരണം, ഇത് സത്യമാണ്. അച്ചൻകുഞ്ഞ് ബൈബിളിൽ വിശ്വസിക്കുന്നില്ല.

അച്ചൻകുഞ്ഞ് ഇലന്തൂർ മറുപടി പറയണം എന്ന് ആവശ്യപ്പെട്ട് ഡിഫെൻഡർ പ്രസിദ്ധീകരിച്ച ലേഖനത്തിൽ അച്ചൻകുഞ്ഞിന്റെ വിശ്വാസമെന്ന് ഡിഫെൻഡർ കരുതുന്ന ഒൻപത് ഐറ്റങ്ങൾ കൊടുത്തിട്ടുണ്ട്. അവയിൽ ആദ്യത്തേത് ഇതാണ്:

ബൈബിളിൽ എത്ര പുസ്തകമുണ്ടെന്ന് തീർത്തു പറയാനാവില്ല. 66 പുസ്തകങ്ങൾ എന്ന് സാധാരണ പറയാറുണ്ടെങ്കിലും ഈ എണ്ണം ശരിയാണെന്ന് ഉറപ്പിച്ചു പറയാനാവില്ല.

അച്ചൻകുഞ്ഞിന്റെ വിശ്വാസം ഇതല്ലെങ്കിൽ അത് മറുപ്പച്ചയിലൂടെയോ ഡിഫെൻഡറിലൂടെയോ വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും അച്ചൻകുഞ്ഞിന് മറുപടി പറയാനുള്ള ധൈര്യം ഉണ്ടായില്ല. കാരണമെന്തേ? മേല്പറഞ്ഞ കാര്യം മാത്രമല്ല, ഡിഫെൻഡറിൽ പറഞ്ഞിരുന്ന ഒൻപതു കാര്യങ്ങളും അച്ചൻകുഞ്ഞ് വിശ്വസിക്കുന്നു. അത് തുറന്നു പറഞ്ഞാൽ അച്ചൻകുഞ്ഞ് സഭയിൽ നിന്നും ഔട്ടാകും. അതുകൊണ്ട് സ്വന്തം നിലപാട് തുറന്നു പറയാൻ അച്ചൻകുഞ്ഞിന് കഴിഞ്ഞില്ല.

ഏതാനും വർഷം മുൻപ് അപ്പോക്രീഫാ പ്രശ്നം എന്നൊരു അത്യുഗ്രൻ വിവാദം ഉണ്ടായിരുന്നു. ബൈബിൾ സൊസൈറ്റി അപ്പോക്രീഫാ പുസ്തകങ്ങൾ ഉൾപ്പെടുത്തി ഇംഗ്ലീഷ് ബൈബിൾ അടിച്ച സംഭവമാണ് പ്രശ്നത്തിന് കാരണമായത്.

ആകാശം ഇതാ ഇടിഞ്ഞു വീഴാൻ പോകുന്നേ എന്ന് നിലവിളിച്ചുകൊണ്ട് പരക്കം പാഞ്ഞവരുടെ മുൻപന്തിയിൽ അച്ചൻകുഞ്ഞ് ഉണ്ടായിരുന്നു. പെന്തക്കോസ്തുകാരുടെ കൈയടി നേടാൻ പറ്റിയ അവസരമാണിതെന്ന തിരിച്ചറിവാണ് അച്ചൻകുഞ്ഞിനെ തിരുവചന സംരക്ഷണത്തിന്റെ നേതൃത്വത്തിലെത്തിച്ചത്. അക്കാലത്ത് അച്ചൻകുഞ്ഞ് ശരിക്കും ഷൈൻ ചെയ്തു.

ഒരു ബഹളം ഉണ്ടാക്കി പരമാവധി ഷൈൻ ചെയ്യുക, അതു കഴിഞ്ഞ് ഷൈൻ ചെയ്യാൻ പറ്റിയ മറ്റൊരു വിഷയം കണ്ടെത്തുക, ഇതാണ് അച്ചൻകുഞ്ഞിന്റെ സ്ഥിരം പരിപാടി. അപ്പോക്രീഫാ പ്രശ്നത്തിലും അച്ചൻകുഞ്ഞ് അതു അതുതന്നെ ചെയ്തു.

സത്യം സത്യമായി പറഞ്ഞാൽ ബൈബിളിൽ എത്ര പുസ്തകമുണ്ടെന്നോ അവ ദൈവവചനം തന്നെയാണോയെന്നോ അച്ചൻകുഞ്ഞിന് നിശ്ചയമില്ല. അപ്പോക്രീഫാ പുസ്തകങ്ങൾ ഏതൊക്കെയാണെന്നും അച്ചൻ കുഞ്ഞിന് അറിഞ്ഞുകൂടാ.

# കള്ളന്റെ നേതൃത്വത്തിൽ പി.സി.ഐ. കൺവെൻഷൻ

പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ എന്ന പി.സി.ഐ. തിരുവല്ലയിൽ ഒരു അത്യുഗ്രൻ കൺവെൻഷൻ നടത്താൻ പദ്ധതിയിടുന്നു. ശാരോൻ ജനറൽ കൺവെൻഷൻ കഴിഞ്ഞാലുടൻ പി.സി.ഐ. കൺവെൻഷൻ നടത്താനാണ് പരിപാടി. സുവിശേഷം കേൾക്കാതെ മരിച്ചുപോകുന്ന തിരുവല്ലക്കാരെ വല്ലവിധേനയും രക്ഷിക്കയാണ് ലക്ഷ്യമെന്ന് കരുതാം.

പേരുകേട്ട ഏതെങ്കിലും സായിപ്പിനെ കൊണ്ടുവന്നില്ലെങ്കിൽ ജനം കൂടിയില്ലെന്നു വരും. അതുകൊണ്ട് ഉഗ്രൻമാരായ സായിപ്പൻമാരിൽ ആരെയെങ്കിലും കൊണ്ടുവരാനാണ് പദ്ധതി. ചില പേരുകളൊക്കെ പറഞ്ഞു കേൾക്കുന്നുമുണ്ട്.

പെന്തക്കോസ്ത് വിശ്വാസികളുടെ സംഘടനയാണ് പി.സി.ഐ. എന്നാണ് വെയ്പ്പ്. പക്ഷേ, കാര്യം നടക്കണമെങ്കിൽ മുഴുത്ത റവറണ്ടൻമാരിൽ ആരെയെങ്കിലും തലപ്പത്ത് വെയ്ക്കണം. സംഭവം നടക്കുന്നത് തിരുവല്ലയിൽ ആയതുകൊണ്ട് തിരുവല്ലാക്കാരായ പാസ്റ്റർമാരെ തലപ്പത്ത് വെച്ചേ മതിയാകൂ. അതിന് യോഗ്യർ ആരൊക്കെ?

വളരെ ആലോചിച്ച് അവർ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തി. കെ.സി.ജോൺ ആണ് എന്തുകൊണ്ടും യോഗ്യൻ. ഒന്നാംതരം റവറണ്ടാണ്. അന്തർദ്ദേശീയ പ്രസംഗകനാണ്. പരമ വ്യഭിചാരിയാണ്. ഒന്നാംതരം കള്ളനുമാണ്. ഇതിൽപ്പരം എന്തു യോഗ്യതയാണ് വേണ്ടത്? അങ്ങനെ, കെ.സി.ജോണിനെ തലപ്പത്ത് വെച്ചു. ഇനി ഒരു അസിസ്റ്റന്റിനെ വേണം. ആ മഹാനേയും കണ്ടെത്തി: ദ്രവ്യാഗ്രഹത്തിന്റെ ആൾരൂപമായ കുഞ്ഞപ്പി. കൺവെൻഷൻ അനുഗ്രഹമാകുമെന്നതിന് സംശയമില്ല.

ടി.എസ്.ഏബ്രഹാമിനെ കൈവിട്ടത് ഒട്ടും ശരിയായില്ല. കൂടാതെ, ശാരോന്റെ പ്രതിനിധിയായി റവ.പെണ്ണൂട്ടിയേക്കൂടി ഉൾപ്പെടുത്താമായിരുന്നു.

# സൗദിയിലേക്കുള്ള ഒഴുക്കു നിലച്ചു

സൗദി അറേബ്യയിലേക്കുള്ള തള്ളിക്കയറ്റം പാസ്റ്റർമാർ തത്ക്കാലത്തേക്കെങ്കിലും അവസാനിപ്പിച്ചു. അത്രയും ആശ്വാസം.

സുവിശേഷപ്രവർത്തനത്തിന് ഒട്ടും സ്വാതന്ത്ര്യമില്ലാത്ത രാജ്യമാണ് സൗദി അറേബ്യ. ഏങ്കിലും അടുത്ത കാലത്തായി ഒട്ടൊക്കെ സ്വാതന്ത്ര്യം ലഭിച്ചിരുന്നു. അതോടെ സൗദിയിലേക്ക് പാസ്റ്റർമാരുടെ ഒഴുക്കും ആരംഭിച്ചു. സൗദിയിൽ ഐ.പി.സി. നാലു റീജനുകൾ സ്ഥാപിച്ചു. ഒരു പാസ്റ്റർ സൗദിയിൽ ബൈബിൾ സ്ക്കൂൾ പോലും ആരംഭിച്ചു. അങ്ങനെ, കൊയ്ത്ത് കുശാലായി നടത്തിവരുന്നതിനിടയിലാണ് വിശ്വാസികൾ അറസ്റ്റിലാകുന്നത്.

സൗദിയിൽ ചെന്നാൽ പണം മാത്രമല്ല ജയിലും കിട്ടും എന്ന സ്ഥിതി വന്നതോടെ പാസ്റ്റർമാർക്ക് സുബോധമുണ്ടായി. അങ്ങനെയാണ് സൗദി സന്ദർശനത്തിന് ആളില്ലാതായത്. സൗദിക്ക് സൗജന്യമായി വിസ കൊടുക്കാമെന്നു പറഞ്ഞാലും ഇപ്പോൾ ആർക്കും വേണ്ടാതായിരിക്കുന്നു.




## വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. അത് എങ്ങനെ തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം.

**ചാവിക്കട**

ഫെഡറൽ ബാങ്കിന് എതിർവശം, പെരുമ്പാവൂർ

ഫോൺ: 9447149309. സമയം: 9 AM to 9 PM.

ഞായറാഴ്ചയും പ്രവർത്തിക്കും


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3950734, 9447414608

# നവദമ്പതികൾക്ക് കത്ത് മാത്യൂസ് ചാക്കോ വഹ

വെണ്ണിക്കുളം മാത്യൂസ് ചാക്കോ ആളൊരു ശുദ്ധനാണ്. (പക്ഷേ, അദ്ദേഹത്തിന്റെ ഭാര്യ അങ്ങനെയല്ലതാനും.) വരുംവരായ്കകൾ നോക്കാതെ അദ്ദേഹം എടുത്തുചാടും. കെ.സി.ജോണിന്റെ കൂട്ടത്തിൽ കൂടി പവർ വേഡ് മിനിസ്ട്രി നടത്തിയതും ചാനലിന്റെ മാനേജിംഗ് ഡയറക്ടറായതും ഒക്കെ അങ്ങനെയാണ്. അതിന്റെയൊക്കെ ഫലം അനുഭവിക്കയും ചെയ്തു.

ഈയിടെ മാത്യൂസ് ചാക്കോ ഇത്തരത്തിലുള്ള ഒരു കലാപരിപാടി നടത്തി. വേണ്ടതിലധികം പണം കൈവശമുള്ളവരുടെ വിവാഹച്ചടങ്ങാണ് രംഗം. വിവാഹം നടത്തുന്നത് സാക്ഷാൽ കെ.സി.ജോൺ. മുഖ്യ പ്രസംഗകൻ മാത്യൂസ് ചാക്കോ.

നന്നായി പ്രസംഗിക്കാൻ അറിയാവുന്ന ആളാണ് മാത്യൂസ് ചാക്കോ. കെ.സി.ജോണിനേപ്പോലെ പടപ്പിൽ തല്ലുകയുമില്ല. ദൈവവചനത്തിൽ നിന്നുതന്നെ പ്രസംഗിക്കും. ഈ ചടങ്ങിലും മോശമല്ലാത്ത പ്രസംഗം നടത്തി. അതു കഴിഞ്ഞാണ് സാക്ഷാൽ കലാപരിപാടി നടത്തിയത്.

വധൂവരൻമാർക്ക് കുറച്ചധികം ഉപദേശങ്ങൾ കൊടുക്കണമെന്ന് മാത്യൂസ് ചാക്കോയ്ക്ക് ആഗ്രഹമുണ്ട്. പക്ഷേ, സമയം കുറവ്. മാത്ര മല്ല, പലതും അത്ര പബ്ലിക്കായി പറയാനും പറ്റില്ല. (വേണ്ടതിൽ അധികം അറിയാവുന്നവരാണ് വധൂവരൻമാർ എന്ന വസ്തുത പാവം മാത്യൂസ് ചാക്കോയ്ക്ക് അറിഞ്ഞുകൂടായിരുന്നു) വധൂവരൻമാരെ ഗുണദോഷിക്കാനുള്ള വഴി മാത്യൂസ് ചാക്കോ കണ്ടെത്തി. പറയാനുള്ളതെല്ലാം രണ്ടു കത്തുകളിലെഴുതി കൊണ്ടുവന്നിരുന്നു. ആ കത്തുകൾ പ്രസംഗത്തിനിടയിൽ അദ്ദേഹം വധൂവരൻമാർക്ക് കൊടുക്കുകയും ചെയ്തു. (അവർ മേലാൽ രണ്ടല്ല ഒന്നത്രേ എന്ന പ്രമാണം വച്ച് ഒരു കത്തു മതിയായിരുന്നു.)

മാത്യൂസ് ചാക്കോ ശുദ്ധനായതുകൊണ്ട് ഈ കത്തുകൊടുപ്പ് കുഴപ്പമുണ്ടാക്കില്ല. പക്ഷേ കെ.സി.ജോണിനേപ്പോലുള്ളവർ ഈ മാതൃക പിൻതുടരാൻ തുടങ്ങിയാൽ എന്താകും ഫലമെന്ന് സാമാന്യ ബുദ്ധിയുള്ളവർക്ക് ഊഹിക്കാൻ കഴിയും.

# ഡിഫെൻഡറിന്റെ പേരിൽ ഭീഷണി?

ഡിഫെൻഡറിൽ വാർത്ത വരുത്തിക്കളയും എന്നു ഭീഷണിപ്പെടുത്തി ഒരു വിദ്വാൻ ഇടുക്കി ജില്ലയിൽ വിലസുന്നതായി അറിയാൻ കഴിഞ്ഞു. ശാരോന്റെ പൂയംകുട്ടി സഭയുടെ ശുശ്രൂഷകനാണ് ഈ ചങ്ങാതി. പേര് സജി വർഗീസ്. ഇങ്ങനെയൊരാളെ ഡിഫെൻഡറിന് പരിചയംപോലും ഇല്ല എന്ന് അറിയിക്കട്ടെ. ഭീഷണിപ്പെടുത്തി പണം പിടുങ്ങാനുള്ള ശ്രമമാണ് ഇയാൾ നടത്തുന്നതെന്ന് കരുതാം.

ഡിഫെൻഡറിൽ എന്തൊക്കെ എഴുതണം എന്നു തീരുമാനിക്കുന്നത് ഡിഫെൻഡറിന്റെ എഡിറ്ററാണ്. മറ്റുള്ളവർക്ക് ഈ കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിയുന്നതല്ല. അതുകൊണ്ട് ഇത്തരം ഭീഷണിയുമായി വരുന്നവരെ ഭയപ്പെടേണ്ടതില്ല. ഇത്തരത്തിലുള്ള ഭീഷണി ഉണ്ടായാൽ 9447414608 എന്ന നമ്പറിൽ വിവരം അറിയിക്കുക.

## ആത്മീയ ഗോളം കോലം

ജയമോഹൻ അതിരുങ്കൽ




# കെ.പി.യോഹന്നാൻ ചാനൽ തുടങ്ങും

കെ.പി.യോഹന്നാൻ ചാനൽ തുടങ്ങുന്നു. പദ്ധതിയിടുന്നത് കെ.പി.യോഹന്നാനായതുകൊണ്ട് പറയട്ടെ, സംഗതി നടക്കും. കാരണം, കെ.പി.യോഹന്നാൻ അത് നടത്താൻ കഴിയും. കെ.സി.ജോൺ ചാനൽ നടത്താൻ പദ്ധതിയിട്ടതുപോലെയല്ല എന്നു ചുരുക്കം.

എന്താണ് കെ.പി.യോഹന്നാനും കെ.സി.ജോണും തമ്മിലുള്ള വ്യത്യാസം? പറയാം.

1. കെ.പി.യോഹന്നാൻ പ്രായോഗിക ബുദ്ധി ഉള്ള ആളാണ്. നടപ്പിലാക്കാൻ കഴിയുന്ന കാര്യത്തിനേ അദ്ദേഹം ഇറങ്ങിത്തിരിക്കൂ. കെ.സി.ജോൺ അങ്ങനെയല്ല. പ്രായോഗിക ബുദ്ധി അശ്ശേഷമില്ല. എന്തിനും ഏതിനും കൈകൊടുക്കും. പാതി വഴിക്ക് ഉപേക്ഷിച്ച് പോകുകയും ചെയ്യും.

2. ടി.വി. ചാനൽ നടത്താൻ ആവശ്യമായ സജ്ജീകരണങ്ങൾ കെ.പി.യോഹന്നാനുണ്ട്. കഴിഞ്ഞ നിരവധി വർഷങ്ങളായി അദ്ദേഹം റോഡിയോ-ടി.വി. പ്രോഗ്രാമുകൾ റിക്കാഡ് ചെയ്ത് മുടക്കം കൂടാതെ നടത്തിവരുന്നു. കെ.സി. ജോൺ ആഴ്ചയിൽ അര മണിക്കൂർ പ്രോഗ്രാം നടത്തിയതെങ്ങനെയെന്ന് ഏവരും കണ്ടതാണ്.

3. കെ.പി.യോഹന്നാന് പണമുണ്ട്. അത് വിനിയോഗിക്കാനും അറിയാം. പക്ഷേ, കെ.സി.ജോണിന് ചാനൽ നടത്താൻ ആവശ്യമായ പണം കൈവശമില്ല. ഉണ്ടായിട്ട് പ്രയോജനവുമില്ല.



കിട്ടുന്ന പണം സ്വന്തം കീശയിലാക്കാനാണ് കെ.സി.ജോണിന് താല്പര്യം. ചാനലിന്റെ പേരിൽ പിരിച്ച പണം കൊടുത്ത് മകന് എം.ബി.ബി.എസ്സിന് സീറ്റ് തരപ്പെടുത്തിയത് നാം കണ്ടതാണല്ലോ.

4. കെ.പി.യോഹന്നാന് പദ്ധതികൾ മാനേജ് ചെയ്യാനുള്ള കഴിവുണ്ട്. തന്റെ കീഴിലുള്ള ജോലിക്കാരെ നിയന്ത്രണത്തിൽ നിർത്താനും അവരേക്കൊണ്ട് പണി എടുപ്പിക്കാനുമുള്ള പ്രാപ്തിയുണ്ട്. കെ.സി.ജോണിന് ഇവയൊന്നുമില്ല.

5. കെ.പി.യോഹന്നാൻ എന്ന ഏക വ്യക്തി മാത്രമെ ജി.എഫ്.എയിൽ തീരുമാനം എടുക്കാൻ ഉള്ളൂ. പക്ഷേ, കെ.സി.ജോണിന്റെ കൂട്ടത്തിൽ വിവരദോഷികളുടെ ഒരു പടതന്നെയുണ്ട്. പലർ കൂടുന്നിടത്ത് പാമ്പ് ചാകില്ല.

ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാണ്: കെ.പി.യോഹന്നാൻ ചാനൽ നടത്തും എന്നു പറഞ്ഞാൽ നടത്തും. കെ.സി. ജോൺ പറഞ്ഞുകൊണ്ട് നടക്കും. വല്ലവിധേനയും തുടങ്ങിയാൽ എറെക്കാലം നിലനിൽക്കയുമില്ല.

SPOT ADMISSION & GUIDANCE
അഡ്മിഷൻ തുടരുന്നു
INC APPROVED
KNC APPROVED
LOWEST FEES
B. Sc GNM NURSING
M.B.B.S., B.D.S., B.Pharm MBA, BHM
SEATS IN MEDICAL COLLEGES, HOSPITALS & REPUTED COLLEGE
Yanappoya Medical College • KVG Medical College • Adichunchagiri Medical College • AJ Medical College • Unity Hospital • Vijayanagar Hospital • Sreedevi Hospital • Mission hospital • BGS Appolo Hospital • Diana • Danvandiri • City • Gautham • Padmasree • Venkateswara • Navaneetham • Chitanya • Mother Teresa • Oxford • Indian Institute • Sri Kalabyraveshwara • Sradha • Mathru • Noor •
M.D., M.S., M. D. S., M. P. T. M. Pharm
ENGG. B.Sc./M.Sc
ALL SUBJECTS/NOMARKS BAR/ VHSE ELIGIBLE
AERONAUTICAL, MARINE, BIO-TECH, BIO-MEDICAL, PETROLEUM, BIO-INFORMATICS, MEDICAL ELECTRONICS, COMPUTER ETC
BIO-CHEM, VISUAL COMMUNICATION, MCA, MSW, MIB, BBM etc
Head Office: Opp. UCO Bank, Frazer town, Bangalore, Ph: 080-57658044, 30930167
EDU-WORLD
WORLD OF EDUCATION
Penta Building, Near Jacobite Church, M. C. Road, PERUMBAVOOR
Receiving Office : 24/1, Anand Arcade, A. V. Road, Kalasipalaya Bangalore
Ph : 3967617, 98954 88089, 94478 15788